
logon
little KITEs
2018-2019
G . H . S . S KADUNGAPURAM

# ഉള്ളടക്കം


പത്രാധിപസമിതി..............................3
ചരിത്രത്തിലേക്ക്...............................4
മുഖമൊഴി...........................................5
സന്ദേശം..............................................6
ചരിത്രത്തിലേക്ക്.............................10
അമ്മ.................................................13
ബസ് സ്റ്റോപ്പുകൾ............................15
ആയുധം...........................................16
നഗ്നപാദർ........................................17
കൃഷിയറിവുകൾ...............................18
നെൽകൃഷി രീതികൾ.......................20
ഇനി പാഴ്‌വസ്തുക്കളില്ല.....................21
കിളിപ്പാട്ട്..........................................22
"'എന്തേ നീ...??"'.................................23
"'നിനക്ക്"'..........................................24
'ഒരു പെരുമഴക്കാലം.........................25
പാലൂർ കോട്ട പഠനയാത്ര..............27
"പെയ്ത് തോരാത്ത മഴ മേഘങ്ങൾ"'
..........................................................28
ഹരിത വിദ്യാലയം..........................29
അനാഥന്റെ പിറവി............................30
പ്രകൃതി...........................................31
ജൂനിയർ റെഡ് ക്രോസ്.................32
ഇരുളിൽ നിന്നുംവെളിച്ചത്തിലേക്ക്..33
ഗ്രാമം നഗരമായാൽ.......................34
കേരളം.............................................36
ചക്കിന്റെ കാള..................................38
ഹരിത സേന.....................................39
അച്ഛൻ..............................................40
പുഴ നൽകുംതണൽ.........................41
അമ്മ.................................................42
കോഴിയും ചെന്നായയും..................44
മാറുന്ന വിദ്യാഭ്യാസം.....................45
സൗഹൃദം.........................................46
എന്റെ നാട്ടിലെ പ്രളയം..................47
ജീവിതമെന്ന പുസ്തകം......................48
അപ്പുവിൻെറ മാറ്റം............................49
പ്രളയത്തിന്റെ നാളുകൾ.................50
IF I FIND..........................................52
Oats, peas, beans, and barley.................52
Dream World........................................53
PAPER BOAT.......................................53
Sing, little Birdie..................................54
The little boy lost.................................55
Friends..................................................56
White sheep..........................................57
SEEDS...................................................57
WORK WHILE YOU WORK...............58
സ്വാഗതപ്പൊടി..................................59
FORTUNE............................................60
केरलदेश:................................................61
मानव ऐसा होना है ..... !............................62
അസൂയാലുക്കളായ പൂക്കൾ...........63
അനുരാഗം.......................................64
എന്റെ വീട്........................................65
ചതിയനായ ചങ്ങാതി.......................66
വിശപ്പ്................................................67
വേദന................................................68
THE GREAT ARTIST...........................70
MUHAMMED SAHAL.........................71

الحيوانات.............................................71
آزاد البيانات الشخصية لأبي الكلام...............72
مهرجان الفن الأدبي العربي.........................73
പുൽനാമ്പിനോട്..............................76
കീരിയും കുഞ്ഞുങ്ങളും...................77
ഉറുദു കവിത.....................................78
پانی.....................................................78
കുരുടന്മാർ കണ്ട ആന....................79
മഴ അനുഭവം....................................81
ഇന്നും ,പെണ്ണും................................82
തത്തയുടെ കഥ................................84
കുട്ടിക്കാലം കുസൃതിക്കാലം.............85
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ...........86




# പത്രാധിപസമിതി

| ചീഫ് എഡിറ്റർ | സ്റ്റാഫ് എഡിറ്റേഴ്സ് | | സ്റ്റുഡന്റ് എഡിറ്റർ |
|---|---|---|---|
|  |  |  |  |
| **ലത കെ**<br>ഹെഡ്മിസ്ട്രസ്സ് | **അനിൽ കുമാർ എം**<br>കൈറ്റ്മാസ്റ്റർ | **വിദ്യാ ലക്ഷ്മി .എം**<br>കൈറ്റ് മിസ്ട്രസ്സ് | **നിഹാൽ കെ**<br>൯ A |

## പത്രാധിപസമിതി അംഗങ്ങൾ

|  |  |  |  |  |
|---|---|---|---|---|
| **നിഖിൽ M ജേക്കബ്(9.A)** | **സയ്യിദ് ദിൽഷാദ് .K.P.S(9.G)** | **ആഷിക്ക് അലി .T (9.E)** | **വിഷ്ണു സുരേന്ദ്രൻ .K (9.B)** | **മുകുന്ദകൃഷ്ണൻ .VT (9.B)** |
|  |  |  |  |  |
| **ഫസൽ .M (9.C)** | **കീർത്തന .P (9.B)** | **ഐശ്വര്യ .E (9.B)** | **അഞ്ജലി .E (9.B)** | **ബിബിനരാജ് .M K(9.B)** |

**കവർ പേജ് സഹായം**



**അർഷിദ .പി**

**മാർഗ നിർദേശം**



**അഹമ്മദ് കുട്ടി .കെ**

# ചരിത്രത്തിലേക്ക്





KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION [KITE]
GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA

CERTIFICATE OF AWARD
SCHOOLWIKI

This certificate is awarded to **GHSS KADUNGAPURAM, MALAPPURAM** which has won the first prize in district level for its meritorious maintenance, updation and activities of 'School Wiki' for the year 2018.

Thiruvananthapuram
04.10.2018

K. ANVAR SADATH
Vice Chairman & Executive Director


പൈക്ക ഫുട്ബാൾ മേള

ഉന്നതെ പത്രങ്ങളിലൂടെ മുത്തുപ

കേരളത്തിന്റെ വല കാക്കാൻ ഷബിൽ റാഞ്ചിയിലേക്ക്

മാധ്യമം

കേരളത്തിന്റെ വല കാക്കാൻ ഷബിൽ റാഞ്ചിയിലേക്ക്

ചന്ദ്രിക

കേരളത്തിന്റെ ഗോൾവല കാക്കാൻ ഷബിൽ റാഞ്ചിയിലേക്ക്

മാതൃഭൂമി

കേരളത്തിന്റെ വല കാക്കാൻ മലപ്പുറത്തുകാരൻ

മലയാളമനോരമ






# മുഖമൊഴി

കടുങ്ങപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുകയാണ്. നൂതന സാങ്കേതികവിദ്യയുടെ കരവിരുത് മുഴുവൻ ശരിയായി സമന്വയിപ്പിച്ച് കൊണ്ടാണ് ഇതവതരിപ്പിക്കുന്നത്. നമ്മുടെ പ്രിയങ്കരരായ കുഞ്ഞുങ്ങളുടേയും അധ്യാപകരുടേയും രചനകൾ ഈ മാഗസിനിൽ ചേർത്തിട്ടുണ്ട്. അവ വായിക്കുകയും വിലയിരുത്തുകയും ചെയ്യണമെന്ന് സാദരം അഭ്യർത്ഥിക്കുകയാണ്. തെറ്റുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അതു ചൂണ്ടിക്കാട്ടി ഞങ്ങൾക്കു മാർഗദർശനം നല്കാനും മറക്കരുത്. ഇതിൽ ഉൾപ്പെടുന്ന സൃഷ്ടികളെക്കുറിച്ച് അഭിപ്രായം പറയേണ്ടത് വായനക്കാരാണ്. ഈ മാഗസിന്റെ പ്രസിദ്ധീകരണത്തിനായി സൃഷ്ടികൾ തന്നു സഹായിച്ചവരോ ടും സാങ്കേതികമായും അല്ലാതെയുമുള്ള സഹകരണം തന്നവ രോടുമുള്ള നന്ദി വാക്കുകൾ കൊണ്ടു രേഖപ്പെടുത്താനാവില്ല. നന്ദി ഹൃദയത്തിൽ സൂക്ഷിച്ച് കൊണ്ട് ലിറ്റിൽ കൈറ്റ്സിന്റെ പ്രഥമമധുരാഭമായ "ലോഗോൺ" നിങ്ങളുടെ വായനയ്ക്കായി അവതരിപ്പിക്കുകയാണ്.

സ്നേഹപൂർവം
പത്രാധിപർ

# സന്ദേശം



**പ്രതിബന്ധങ്ങളേറെയെങ്കിലും,**
**നിങ്ങളിൽ കണ്ടു ഞാനാ ധൈര്യം,**
**നീലാകാശത്തിനും മീതെ പറക്കുവാൻ,**
**വിജയങ്ങളെത്തിപ്പിടിക്കുവാൻ..**
**ഓർക്കുവാനേറെയുണ്ടെങ്കിലും,**
**മറക്കുക, പിന്നിട്ട നാൾവഴികൾ,**
**നിങ്ങൾ തൻ ചിറകുകൾക്കാശക്തി-**
**യുണ്ടതിപ്പോൾ, കുതിക്കുവാൻ,**
**ഉയരങ്ങളിലേക്ക് പറക്കുവാൻ**
**മുന്നേറുക നിങ്ങൾ .......**

**ഈ കാലഘട്ടത്തെ തിരിച്ചറിഞ്ഞുകൊണ്ട് കുട്ടികളുടെ അഭിരുചിക്കനുസരിച്ച് അവരുടെ സർഗാത്മകത വളർത്തുന്നതിൽ ഈ സംരംഭം ഒരു മുതൽക്കൂട്ടാവട്ടെയെന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.**

**ലത കെ**
**പ്രധാനാധ്യാപിക**



വിവരസാങ്കേതിക വിദ്യവളർച്ച പ്രാപിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. കാലഘട്ടത്തിന്റെ ആവശ്യം തിരിച്ചറിഞ്ഞു കൊണ്ട്, ദീർഘവീക്ഷണത്തോടെയുള്ള ഈ സംരംഭത്തിന് എല്ലാവിധ നന്മകളും ആശംസിക്കുന്നു.

**ഷൗക്കത്തലി യു**

ഡെപ്യൂട്ടി ഹെഡ് മാസ്റ്റർ



2018 – 19 അധ്യയന വർഷത്തിൽ ഗവഃഹൈസ്കൂൾ കടുങ്ങപുരം 'ലിറ്റിൽ കൈറ്റ്സിന്റെ' നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. വായന മരിച്ചു കൊണ്ടിരിക്കുന്ന ഈ കാലത്ത് കാലത്തിനനുസൃതമായി ഇ –റീഡിംഗിനെ പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള വിദ്യാർത്ഥികളുടെ ഈ സംരംഭത്തിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

**ഷാജ്ശങ്കർ**
പിടിഎ പ്രസിഡന്റ്



**വായനയ്ക്ക് പുതുമയും**
**പുതുമാനങ്ങളും നൽകുന്ന**
**ഡിജിറ്റൽ മാഗസിന് അക്ഷരക്കൂട്ടൊ-**
**രുങ്ങുമ്പോൾ അതേറെ**
**വേറിട്ടു നിൽക്കുമെന്ന് തീർച്ച.**
**വിഭവങ്ങളുടെ ഡിജിറ്റലൈസേഷൻ...**
**അതും രുചിഭേദങ്ങൾക്കനുസരിച്ച് ,**
**ഉൾപ്പെടെ ഇതിനു**
**വേണ്ടി പ്രവർത്തിച്ച എല്ലാവരെയും**
**അഭിനന്ദിക്കുന്നു.**
**ലക്ഷണമൊത്ത ഒരു ഡിജിറ്റൽ മാഗസിൻ**
**പുറത്തിറക്കാൻ നമുക്കാവട്ടെ-**
**യെന്നാശംസിക്കുന്നു.**

**സസന്തോഷം,**
**സ്റ്റാഫ് സെക്രട്ടറി**

# ചരിത്രത്തിലേക്ക്



നിഹാൽ .കെ

പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിലെ ഏക ഹയർസെക്കണ്ടറി സ്കൂളായ കടുങ്ങപുരം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ആരംഭം 1905 ൽ കട്ടിലശ്ശേരി ഭാഗത്ത് പ്രവർത്തിച്ചിരുന്ന ഒരു ഓത്തുപള്ളിയിലാണ്. രായിൻ കുട്ടി മൊല്ല എന്നയാൾ നടത്തിയിരുന്ന ഈ ഓത്തുപള്ളി പിന്നീട് സ്കൂൾ ആയി അംഗീകരിച്ചു. പിന്നീട് ഈ സ്ഥാപനം 1921 ൽ ബംഗ്ലാവിൽ കുട്ടൻ മേനോൻ എന്ന എം.പി സുബ്രമണ്യമേനോന്റെ കെട്ടിടത്തിലേക്ക് മാറ്റി. ഈ കെട്ടിടത്തിന് അന്ന് മലബാർ ഡിസ്ട്രിക് ബോർഡിൽ നിന്നും വാടക നൽകിയിരുന്നു. ഡിസ്ട്രിക്ക് ബോർഡിന്റെ കീഴിലാണ് ഈ ലോവർ പ്രൈമറി സ്കൂൾ പ്രവർത്തിച്ചിരുന്നത്. 1956 ലാണ് ഇത് അപ്പർ പ്രൈമറി സ്കൂളായി ഉയർന്നത്. അന്നത്തെ ഹെഡ് മാസ്റ്റർ എം സുബ്രഹ്മണ്യമേനോൻ ആയിരുന്നു. 1973 ലാണ് ഈ സ്കൂളിന് ഹൈസ്കൂളായി അംഗീകാരം കിട്ടിയത്. ഇൻചാർജ് ഹെഡ് മാസ്റ്ററായി മത്തായി മാസ്റ്റർ എന്നയാളാണ് വന്നത്. ഇക്കാലയളവിൽ ഹൈസ്കൂളിനാവശ്യമായ സ്ഥല സൗകര്യമില്ലാത്തതിനാൽ അടുത്തുള്ള മദ്രസയിലാണ് ക്ലാസുകൾ നടത്തിയിരുന്നത് . ആദ്യ എസ്.എസ്എൽ.ബാച്ച് പുറത്തിറങ്ങിയത് 1976 ൽ ആയിരുന്നു. അക്കാലത്ത് ഹൈസ്കൂളിന് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കണമെങ്കിൽ ചുരുങ്ങിയത് 3 ഏക്കർ സ്ഥലം വേണ്ടിയിരുന്നു. 2 ഏക്കർ 63 സെന്റ് വിസ്തീർണ്ണമുള്ള സ്കൂൾ കോമ്പൗണ്ട് പ്രതിഫലം വാങ്ങി ബംഗ്ളാവിൽ കുടുംബം സർക്കാറിന് വിട്ടുകൊടുത്തു.

ബാക്കി വേണ്ട 48 സെന്റ് സ്ഥലം പി.ടി.എ വില കൊടുത്തുവാങ്ങി സർക്കാറിനെ ഏൽപ്പിച്ചു. ഹൈസ്കൂൾ ആരംഭിച്ച കാലത്ത് പി.ടി.എ ആദ്യമായി 8 ക്ലാസ് മുറികൾ സ്വന്തമായി നിർമ്മിച്ചുകൊടുത്തു. അക്കാലത്ത് സ്കൂൾ പി.ടി.എ പ്രസിഡന്റ് പറോട്ടിൽ രാവുണ്ണിക്കുട്ടിപ്പണിക്കർ ആയിരുന്നു. യു.പി സ്കൂളിന് സർക്കാർ നൽകിയ 12 ക്ലാസ് മുറികൾക്കു പുറമേ ഡി.പി.ഇ.പി വകയും ബ്ലോക്ക് പഞ്ചായത്ത് വകയുമായി 6 മുറികൾ പിന്നീട് ഉണ്ടാക്കി. എം.പി ഫണ്ട് , ജില്ലാപഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ച് 17 ക്ലാസ് മുറികളും , ഗ്രൗണ്ട് , സ്റ്റേജ് , ഗ്യാലറി എന്നിവയും നിർമ്മിച്ചു. എസ്.എസ്.എ ഫണ്ടുപയോഗിച്ച് 6 ക്ലാസ് മുറികളും പൂർവ്വ വിദ്യാർത്ഥികളുടെ വകയായി ഒരു ക്ലാസ് മുറിയും ഈ വിദ്യാലയത്തിന് ലഭിച്ചു. ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിച്ചിരുന്ന ഈ വിദ്യാലയം 2003 ൽ ഷിഫ്റ്റ് അവസാനിപ്പിച്ചു. 2004 ൽ സ്കൂൾ ,ഹയർ സെക്കന്ററിയായി ഉയർന്നു. പ്രമുഖ വിദ്യാഭ്യാസ വിചക്ഷണനായിരുന്ന കരുവള്ളി മുഹമ്മദ് മൗലവിയായിരുന്നു ഈ കാലഘട്ടത്തിലെ പിടിഎ പ്രസിഡന്റ്. 2006 ൽ ആദ്യത്തെ ഹയർ സെക്കണ്ടറി ബാച്ച് പഠനം പൂർത്തീകരിച്ചു പുറത്തിറങ്ങി. ഹൈസ്കൂൾ കെട്ടിടത്തിലും പ്ലോട്ട് രണ്ടിലെ ക്ലാസ് മുറികളിലുമായി പ്രവർത്തിച്ചിരുന്ന ഹയർ സെക്കണ്ടറി വിഭാഗം ,പ്ലോട്ട് രണ്ടിൽ എം.എൽ.എ ഫണ്ടുപയോഗിച്ച് നിർമ്മിച്ച പുതിയ കെട്ടിടത്തിൽ 2016 മുതൽ പ്രവർത്തിച്ച് വരുന്നു. നൂറോളം കുട്ടികൾക്ക് ഒരുമിച്ചുപയോഗിക്കാവുന്ന 10000 ൽ അധികം പുസ്തകങ്ങളുള്ള ഒരു ലൈബ്രറിയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

ഈ കെട്ടിടം കുട്ടൻ മേനോൻ , ചിന്നമ്മ എന്നിവരുടെ സ്മരണക്കായി സംഭാവന ചെയ്തത് ബംഗ്ലാവിൽ കുടുംബം തന്നെയാണ്. ബംഗ്ലാവിൽ കുട്ടൻ മേനോന്റെ പാവന സ്മരണക്കായി ശ്രീ.കെ.എസ് കരുണാകരമേനോൻ സംഭാവന ചെയ്തതാണ് സ്കൂളിലേക്കുള്ള മനോഹരമായ പ്രവേശന കവാടം.


ഇപ്പോൾ ലോവർ പ്രൈമറിയിൽ 11 ഉം അപ്പർ പ്രൈമറിയിൽ 23 ഉം ഹൈസ്കൂളിൽ 35 ഉം ഹയർസെക്കന്ററിയിൽ 21 അദ്ധ്യാപകരും 7 അധ്യാപകേതര ജീവനക്കാരും ജോലി ചെയ്യുന്ന ഈ വിദ്യാലയത്തിൽ 2292 കുട്ടികൾ പഠിക്കുന്നുണ്ട്. കലാകായിക പഠന രംഗങ്ങളിൽ ഏറ്റെ മികവുപുലർത്തുന്ന ഈ സർക്കാർ വിദ്യാലയം എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി വിജയ ശതമാനത്തിൽ ഉപജില്ലയിൽ മികച്ച നേട്ടമാണ് കൈവരിച്ചിട്ടുള്ളത്. ഉപജില്ലാ സ്കൂൾ കലോത്സവത്തിലും ശാസ്ത്രമേളയിലും കായിക മേളയിലും തുടർച്ചയായി ചാമ്പ്യൻഷിപ്പുകൾ കരസ്ഥമാക്കിയ ഈ വിദ്യാലയം അന്തർദേശീയ ദേശീയ കായിക മത്സരങ്ങളിലും നിറസാന്നിധ്യമാണ് . 2014 മുതൽ പത്താം തരം തുല്യതാ പരീക്ഷാകേന്ദ്രമായും ഈ വിദ്യാലയം പ്രവർത്തിച്ച് വരുന്നു. ടിപ്പുസുൽത്താന്റെ പടയോട്ട ചരിത്രത്തിലെ കുതിരക്കുളമ്പടികൾ പതിഞ്ഞ് കിടക്കുന്ന സ്വപ്നസദൃശമായ പാലൂർകോട്ട, സ്വാതന്ത്ര്യ സമര ചരിത്രത്തിൽ ഈ നാടിന് സ്വന്തം ഇടം ചാർത്തി തന്ന കട്ടിലശ്ശേരി മുഹമ്മദ് മുസ്ല്യാരുടെയും എം പി നാരായണ മേനോന്റെയും ഐ.എൻ.എ. രക്തസാക്ഷി നാണമേനോന്റെയും കർമ്മശേഷിപ്പുകൾ ..... എണ്ണിയാലൊടുങ്ങാത്ത വിശേഷണങ്ങളാൽ അനുഗ്രഹീതമായ കടുങ്ങപുരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന അനുദിനം മികവിലേക്ക് കുതിക്കുന്ന ഈ കലാലയം 100 വർഷങ്ങൾ പിന്നിടുവാനാകുമ്പോഴും ഭൗതിക സാഹചര്യങ്ങളുടെയും പഠനോപകരണങ്ങളുടെയും അപര്യാപ്തതയിൽ വീർപ്പുമുട്ടുകയാണ്. ഇത്തരം പ്രശ്നങ്ങൾക്കുടി പരിഹരിക്കപ്പെടുന്നതോടെ സംസ്ഥാനത്തിനു തന്നെ മാതൃകയായിത്തീരും ഈ സർക്കാർ സ്ഥാപനം എന്നതിൽ തർക്കമില്ല.

# അമ്മ



ജ്യോതിനാഥ വാര്യർ

ഇത്തിരി നേരമിരിക്കട്ടെയിന്നെന്റെ
അമ്മതൻചാരത്ത്
ഇനിയിരിക്കാനാവില്ല,
ഇങ്ങനെയൊട്ടുനേരം
അന്നെന്നെ വാരിപ്പുണർന്നു മുത്തം
തന്നുറക്കിയ രാവുകൾ
ഓർമ്മയിലോടിയിങ്ങെത്തി,
മനസ്സിന്റെ കോണിലൊരു വിങ്ങലായ്
പാത്തു പതുങ്ങിയുറക്കം നടിച്ചു നില്ക്കുന്ന നേരം
ഞാനൊട്ടിട കൂടിയിരിക്കട്ടെയിന്നെന്റെ
അമ്മതൻ ചാരത്ത്.
തൊട്ടിലിലാട്ടിയുറക്കിയ നേരത്തു, കൈകളാൽ
തൊട്ടാലുറങ്ങിപ്പോകും, അമ്മതൻ പുഞ്ചിരി
ത്തെല്ലിനെ തല്ലിക്കെടുത്താതുറങ്ങുമന്നേരം.
അപ്പൊളെന്നമ്മതൻ ചുണ്ടിൽ നിന്നൂർന്നു
വീഴുന്നൊരാ താരാട്ടുപാട്ടിന്റെയീണം
കടന്നെൻ മനസ്സിനെ താളത്തിലീണത്തി -
ലങ്ങുറക്കുന്ന നേരം എല്ലാം മറന്നങ്ങുറങ്ങുന്നു ഞാൻ
അങ്ങനെയുള്ളൊരെന്നമ്മതൻ ചാരത്തൊ , -
രിത്തിരി നേരമിരിക്കട്ടെയിന്നു ഞാൻ.
കാലം കടന്നപ്പോൾ പാഠശാലാലയത്തിന്റെ
വാതുക്കൽ വന്നെത്തിയെന്നെക്കടത്തി വീട്ടമ്മ
ഉറഞ്ഞു പോകുന്നേരമെന്നമ്മയെത്തന്നെ



ഇമയടയ്ക്കാതെ നോക്കി നിൽക്കുന്നു ഞാൻ.
അപ്പോൾ പഠിച്ചങ്ങുയരണമെന്നു ചിന്തിച്ചു
പാഠം പഠിയ്ക്കുന്ന ഞാനെന്റെ
അച്ഛനു വേണ്ടിയമ്മയ്ക്കു വേണ്ടിയുമെല്ലാറ്റിനും
മീതെ , എന്റെ ഉയർന്നഭാവിക്കു വേണ്ടിയും
ഒന്നു ചിരിച്ചൊന്നു ചിന്തിച്ചു പാഠങ്ങളെല്ലാം
പഠിച്ചു പറഞ്ഞന്തിയിൽ എന്നോടൊപ്പമിരു -
ന്നങ്ങു നേരം കഴിച്ചീടുമെന്നമ്മയെന്നന്തരംഗ
ത്തിൽ വിളക്കായ് തെളിഞ്ഞെത്തിയ നേരം
ഇത്തിരി നേരമിരിക്കട്ടെയിന്നെന്റെയമ്മതൻ
ചാരത്ത്.
ഓരോ പടവും കടന്നു കേറിപ്പോയി
ദേശാന്തരങ്ങളിൽ ജീവിതവൃത്തിയ്ക്കു വേണ്ടി
ഓരോനിമിഷങ്ങൾ എണ്ണിചെലവഴിക്കുമ്പോൾ
മനസ്സിന്റെ കോണിലൊരിത്തിരി വെട്ടമായ്
എന്നമ്മ ഉജ്ജ്വലിച്ചങ്ങനെ നില്ക്കുമ്പോൾ
ഞാനെന്നെ ഞാനാക്കി മാറ്റിയ മാതൃപാദ -
ങ്ങളിൽ മനസ്സാ നമിക്കുന്നതോർത്തിനി ,
അല്പനേരം കൂടി ഞാനൊന്നിരിക്കട്ടെ -
യിത്തിരി നേരമെന്നമ്മതൻ ചാരത്ത്.
അമ്മതൻ ചാരത്തിരിക്കുമ്പോൾ ഞാനെന്റെ
ജന്മത്തിൽ നേരുകളെല്ലാമറിയുന്നു.
മക്കൾക്കുവേണ്ടി ഉഴിഞ്ഞിട്ടതാമൊരു
ജീവിതത്തിനർത്ഥമോതിത്തരുന്നമ്മ.
മക്കളേയെന്നു വിളിക്കുമ്പൊളുതിരുന്ന
വാത്സല്യ പൂരത്തിൽ മുങ്ങിത്തണുത്തു
ഞാൻ നില്ക്കുമ്പോൾ , ഇത്തിരി നേര
മിരിക്കട്ടെ, യിന്നെന്റെയമ്മതൻ ചാരത്ത്

# ബസ് സ്റ്റോപ്പുകൾ



ഇസ .വി

മകൾ ഉന്നതപഠനത്തിനായി പോകുന്നു
ബസ് സ്റ്റോപ്പുവരെ അമ്മയും വരാം
മോളേ നിന്റെ പേരിലീ നാടറിയപ്പെടണം
അമ്മമനസ് ഒരു പ്രാർത്ഥനയിലേക്കു വീണു.

"ദൈവമേ ഒരു പെൺകുഞ്ഞും
നാടിന്റെ പേരിലറിയപ്പെടരുതേ"....

ബസ് വന്നു.
അയ്യോ മോളേ കയറരുത്
ഇത് നമുക്കുള്ള വണ്ടിയല്ല
അമ്മ മകളെ ചേർത്തുപിടിച്ചു
കിളി പുറത്തേക്കിട്ട തല
അകത്തേക്കു വലിച്ചു
വണ്ടി കടന്നു പോയി...

മകൾ പിൻബോർഡ് വായിച്ചു
സൂര്യനെല്ലി ,വിതുര, പറവൂർ.......!

# ആയുധം



നഷീദ പി

കൂട്ടുകാരിയില്ലാത്ത താഴ്വരയിൽ
പൂക്കളെന്തിന് ,പൂമ്പാറ്റകളെന്തിന്
ഈ ഞാൻതന്നെ എന്തിന്...

ആരോ മൈക്കിലൂടെ ഓരിയിടുന്നു
രാജ്യദ്രോഹികളെ നേരിടാൻ
കർമ്മഭടന്മാർ"പുതിയആയുധങ്ങളുമായ്
സമരസജ്ജരാണ്"

ഓ,അവൾരാജ്യദ്രോഹിയായിരുന്നല്ലോ!
ഈ ആയുധമാണല്ലേ
അവളിലേക്കവർ കുത്തിയാഴ്ത്തിയത്.അയ്യോ!
അതേ ആയുധവുമായി അവർ
എൻെറനേരെയാണല്ലോ വരുന്നത്,

രാജ്യദ്രോഹികളേ ഓടിവരണേ.......
രക്ഷിക്കണേ.....

# നഗ്നപാദർ



സജാദ് സാഹിർ

നീ താണ്ടിയ
ചരൽ വഴികൾ
എനിക്കന്നത്തിനായിരുന്നു.
വരണ്ടുകീറിയ മുളകുപാടങ്ങളിൽ നിന്നും
വിണ്ടുകീറിയ
പാദങ്ങളുമായി
നീ നടന്നത്
എന്റെ മൗനത്തിനു
നേർക്കായിരുന്നു'.
നിന്റെ സിരകളിൽ നിന്നും
ഊർന്നിറങ്ങിയ
രക്തച്ചാലുകൾ
മണ്ണിനെ നനക്കുന്നു
ഗർവ്വിന്റെ
കൊത്തളങ്ങൾ
നിലംപതിക്കുന്നുവോ
സ്വപ്നങ്ങളുടെ
തളിരിലകൾ
മുളപൊട്ടുന്നു
കതിരു നിറഞ്ഞ പാടങ്ങൾ
ഞാൻ
സ്വപ്നം കാണുന്നു.
(ലോങ്ങ് കിസാൻ മാർച്ചിലെ പോരാളികൾക്ക് )

# കൃഷിയറിവുകൾ



പൂജാ ദാസ് .കെ

മനുഷ്യൻ സംഘംചേർന്ന് ജീവിക്കാൻ തുടങ്ങുന്നതോടെയാണ് അവന് സംസ്കാരം രൂപപ്പെടാൻ തുടങ്ങുന്നത്. കൃഷിയുമായി ബന്ധപ്പെട്ടാണ് കേരളസംസ്കാരം വളർന്നു വരുന്നത്. കേരള സംസ്കാരം സങ്കലിതവും സാർവ്വജനീയവുമാണ്. അതിന്റെ രൂപീകരണത്തിന് വ്യത്യസ്ത ജനങ്ങളും ജനവർഗ്ഗങ്ങളും സുപ്രധാന സംഭാവനകൾ നൽകിയിട്ടുണ്ട്. സംസ്കാരിക സമന്വയത്തിന്റേയും സാമൂഹ്യലയനത്തിന്റേയും വിസ്മയകരമായ ഒരു പ്രക്രിയ കേരള സംസ്കാരത്തിന്റെ വികാസ ചരിത്രത്തിൽ ആദ്യന്തം പ്രകടമാണ്. പ്രാദേശികപരമായി വൈവിധ്യങ്ങളുണ്ടങ്കിൽപോലും കേരളത്തിന്റെ പൊതുവായസവിശേഷതകളിൽ നിന്ന് വ്യത്യസ്തമായ ഒരു സംസ്കാരമല്ല ഈ പ്രദേശത്തിനുള്ളത്. ജനങ്ങളിൽ 90 ശതമാനവും നിരക്ഷരരും അർദ്ധപട്ടിണിക്കാരുമായിരുന്നു. ഉപജീവനത്തിന് മുഖ്യമായും കൃഷിയെയാണ് ആശ്രയിച്ചിരുന്നത്. മുഖ്യ കൃഷി നെല്ലായിരുന്നു. നാട്ടുവാഴി പ്രഭുക്കൻമാരുടെ കൈവശമുള്ള ഭൂമികളിൽ അദ്ധ്വാനിക്കുകയും അവരുടെ ഇച്ഛക്കൊത്ത് ചരിക്കുകയും ചിരിക്കുകയും ചെയ്തിരുന്ന അവർക്ക് സ്വന്തമായ ഇഷ്ടാനിഷ്ടങ്ങൾ അന്യമായിരുന്നു. കീഴ്ജാതിക്കാർക്ക് അയിത്തം കൽപ്പിക്കുകയും മാറുമറക്കുകയും ചെയ്തിരുന്നത് പലപ്പോഴും ഏമാൻമാരുടെ അപ്രീതിക്ക് കാരണമായിത്തീരാറുണ്ടായിരുന്നു

## കൃഷികൾ

നെൽകൃഷിയായിരുന്നു പഞ്ചായത്തിൽ ഏറ്റവും-

പ്രാധ്യാനമുണ്ടായിരുന്നത്. കേരളത്തിലെ സവിശേഷമായ കാലാവസ്ഥക്കനുസരിച്ചായിരുന്നു കൃഷിചെയ്തിരുന്നത്. പുഞ്ച, വിരിപ്പ്, മുണ്ടകൻ, കാട്ടുമുണ്ടകൻ, മോടൻ തുടങ്ങിയ കൃഷിരീതികൾ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ഞാറ്റുവേലയെ അടിസ്ഥാനമാക്കിയാണ് നാം കൃഷിചെയ്തിരുന്നത്. ഏകദേശം 13.5 ദിവസമാണ് ഞാറ്റുവേല. ഏതാണ്ട് മാസത്തിൽ രണ്ടേമുക്കാൽ ഞാറ്റുവേല കഴിയുന്നു.

അശ്വതി, ഭരണി ഞാറ്റുവേലകളിലാണ് ഒന്നാം വിളക്കുള്ള വിത്തിടുന്നത്. രോഹിണിയിൽ പട്ടുപോലെ ധാരാളം മഴയുണ്ടാകുന്നു. മകയിരത്തിൽ മതിമറന്നപോലെ പറിച്ചുനടലും മാന്തികുഴിച്ചിടലും നടത്തുന്നു. തിരുവാതിര തിരുമുറിയാതെ പെയ്യുന്നു. പൂയം ഞാറ്റ സമയമാണ്. മൂപ്പ് കുറഞ്ഞ വിത്തുകൾ ഇടുന്നു. മകം എള്ള് വിതയ്ക്കുന്ന സമയമാണ്. ഉത്രം ,അത്തം രണ്ടാവിള നടത്തുന്ന സമയമാണ്. മൂലത്തിന് മഴമൂടി നിൽക്കുമ്പോൾ ചാഴിയുടെ ഉപദ്രവം കുറയുന്നു. രേവതി, അശ്വതി, ഭരണി ഞാറ്റുവേലകളിലാണ് വിരുപ്പുകൃഷിക്ക് വിത്തിടുന്നത്.ഭരണിയിലിട്ട വിത്ത് എന്ന് പറയാറുണ്ട്. ആയില്യം മകം ഞാറ്റുവേലകളിലാണ് മുണ്ടകൻ കൃഷിക്ക് വിത്തിടുന്നത്.
കൃഷി തുടങ്ങാനും വിത്തു വിതക്കാനുമുള്ള നാളുകൾ നാട്ടുകാർക്കറിയാം .രോഹിണി, പുണർതം, അത്തം, ഉത്രം, ഉത്രാടം എന്നിവ പൊതുവെ നല്ലതാണെന്നാണ് പറയുക.വെളുത്ത പക്ഷത്തിൽ സസ്യലതാദികൾ പെട്ടെന്ന് വളരുന്നു.പയർവർഗങ്ങൾ കൃഷി ചെയ്യാൻ രോഹിണി ഞാറ്റുവേലയും വാഴയ്ക്ക് അത്തം ഞാറ്റുവേലയും കുരുമുളകിന് തിരുവാതിരയും ശ്രേഷ്ഠമാണ്.അത്തത്തിന്റെ മുഖത്ത് മുതിര വിതയ്ക്കണം.തിരുവാതിരയ്ക്ക് പയറ്റ കുത്തണം.രോഹിണിയാണ് പയറിന് ഉത്തമം.കായ നല്ലവണ്ണം ഉണ്ടാകും.കുംഭമാസത്തിലെ വെളുത്ത വാവിന് ചേന നടണം.രോഹിണി ഞാറ്റുവേലകളിലാണ് ഉഴുന്നും ചെറുപയറും വിതയ്ക്കേണ്ടത്.പുതുമഴ പെയ്യുമ്പോഴാണ് ചേമ്പിനങ്ങൾ പറിക്കേണ്ടത്.

# നെൽകൃഷി രീതികൾ

## പുഞ്ച

വെള്ളം കെട്ടിനിൽക്കുന്നതും ഉറവുള്ളതുമായ നിലമാണ് പുഞ്ചനിലം. മഴക്കാലത്ത് ധാരാളം ചെളി അടിഞ്ഞുകൂടിയ ഈ പ്രദേശത്ത് കൂടുതൽ തോടുകൾ കാണപ്പെടുന്നു. ജലസാന്ദ്രത ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. പുഞ്ചകൃഷിക്ക് കുംഭമാസം അവസാനവും മീനം ആദ്യവുമായി വിത്തിറക്കുന്നു. ഈ മാസങ്ങളിൽ മഴയില്ലാത്തതിനാൽ കൃഷിക്ക് ആവശ്യമായ വെള്ളം പുഞ്ചക്കുളത്തിൽ നിന്നോ,

കൊക്കർണികളിൽ നിന്നോ തേക്കുകൊട്ടകൊണ്ട് തേവി ചാലുകളിലൂടെ കൃഷിയിടത്തിൽ എത്തിക്കുന്നു. കുറച്ച് കാലമായി മകരം കുംഭം മാസങ്ങളിൽ വെള്ളത്തിന്റെ അളവിൽ കുറവു വരുന്നതിനാൽ കൃഷി നശിച്ചുകാണുന്നു..

## വിരിപ്പ്

മിഥുനം കർക്കിടകം മാസത്തിൽ വിത്തിറക്കി കന്നിമാസത്തിൽ കൊയ്തെടുക്കുന്ന കൃഷിരീതിയാണ് വിരിപ്പ്. ആറുമാസത്തെ മൂപ്പുള്ള വിത്തുകൾ കൃഷിക്ക് ഉപയോഗിച്ചിരുന്നു. അശ്വതി, ഭരണി ഞാറ്റുവേലകളിലാണ് വിത്തിറക്കിയിരുന്നത് ഈ കാലങ്ങളിൽ മാത്രം മുളയ്ക്കുന്ന വിത്തുകളാണ് വിരിപ്പ് കൃഷിയുടെ പ്രത്യേകത.

## മുണ്ടകൻ

തുലാമാസത്തിൽ വിത്തിറക്കി മകരമാസത്തിൽ മുണ്ടകൻ വിളവെടുക്കുന്നു. ഇതിന് ഉപയോഗിക്കുന്ന വിത്തിന് മൂപ്പ് കുറവാണ്. ഏകദേശം അഞ്ചുമാസംകൊണ്ട് വിളവെടുക്കാം. ചിറ്റേനി, വള്ളോന, എന്നിവ ഇറക്കുന്നത് തുലാമാസത്തിലാണ്. മറ്റു മുണ്ടകൻ വിത്തുകൾ ഇറക്കുന്നത് ആയില്യം മകം ഞാറ്റുവേലകളിലാണ്. മുണ്ടകൻ നെല്ലിന്റെ വൈക്കോൽ ഒരാൾ പൊക്കത്തിൽ വളരും.

## കൂട്ടുമുണ്ടകൻ

പണ്ടത്തെ ഒരു പ്രത്യേക കൃഷിരീതിയാണ് കൂട്ടുമുണ്ടകൻ. മിഥുനമാസത്തിൽ വിരുപ്പുവിത്തും മുണ്ടകൻ വിത്തും ഒരുമിച്ച് ഇറക്കുന്നു. കന്നിയിലും മകരത്തിലുമായി വിളവെടുക്കുന്നു. കന്നിയിൽ വിളയുന്ന നെല്ലിന് കടചേർത്ത് അരിഞ്ഞെടുക്കുന്നു. മകരത്തിൽ വിരിയുന്നത് വീണ്ടും അരിയും.

## മോടൻ

മേടത്തിൽ നടത്തുന്ന മോടൻ കൃഷി പറമ്പുകളിലാണ് ചെയ്തിരുന്നത്. പറമ്പ് ചുട്ട് മണ്ണിളക്കി വെറുതെ വിതച്ചെടുത്താൽ മതി. ഇത്തരം പ്രാദേശിക കൃഷിരീതികൾ വള്ളുവനാട്ടിൽ സമ്പന്നമായിരുന്നുവെന്ന് കൃഷിഗീത എന്ന കൃഷിപ്പാട്ടിൽ പറയുന്നുണ്ട്.     (കടപ്പാട്)

# ഇനി പാഴ്വസ്തുക്കളില്ല



ഇവിടെ ഇനി പാഴ്വസ്തുക്കളില്ല...

● കടുങ്ങപുരം ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ നാഷനൽ ഗ്രീൻ കോർപ്സ് വിദ്യാർഥികളാണ് പദ്ധതിയുമായി രംഗത്ത്

കടുങ്ങപുരം ഗവ. ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികൾ ഗ്രീൻവാലി ഫാം സന്ദർശിക്കുന്നു







കടുങ്ങപുരത്തെ കുട്ടികൾക്ക് ഇനി പാഴ്വസ്തുക്കളില്ല

# കിളിപ്പാട്ട്



മുഫ്ലിജ

'''ഒരു റോഹിങ്ക്യൻ പക്ഷി പാടുന്നു'
റോഹിങ്ക്യൻ കിളികളും കുഞ്ഞിളം പൈതങ്ങളും
കൊച്ചു സന്തോഷ ജീവിതം നയിക്കവേ
ഒരു വൻമര കൊമ്പിലെ കൂട്ടിൽ.....
മറ്റു പക്ഷികളോടൊത്തു വസിച്ചു.
പരസ്പര സൗഹൃദം കൊണ്ടവർ സുകൃതം
നെയ്തു കഴിഞ്ഞു.
കാല ചക്രം തിരിയവേ....
ദൈവം തൻ അഹങ്കാര സൃഷ്ടികളും
മറ്റു ചില പക്ഷികൾ, ദുർബലരാം ഈ പക്ഷികൾ
ക്കെതിരെ തിരിഞ്ഞു.
കൊത്തി വലിച്ചും കടിച്ചു കീറിയും നോവിന്റെ സുഖമറിയിച്ചു.
വെറും ജാതി മതത്തിന്റെ പേരിൽ....
തന്റെ വിയർപ്പും കഷ്ടപ്പാടും ആയ കൂട്ടിൽ നിന്നും
ആട്ടിയോടിച്ചു.
സ്വന്തം കൂട്, സ്വന്തം മരം എന്ന പദവിയെ
അവർ തുടച്ചു നീക്കി.
സ്വന്തമായി ഇനി തന്റെ പേരും മക്കളും മാത്രം
പറന്നു അവർ മറ്റൊരു കൂടും തേടി
അഹന്തത മുതലാക്കിയ മറ്റു മരങ്ങളധികവും
കനിവു കാട്ടിയില്ല...
കനിവു കാട്ടിയ മരങ്ങളിൽ അവർ വസിക്കുന്നു.
ഇനിയെപ്പോ മറ്റൊരു കൂടു തേടേണ്ടിവരുമെന്നു ചിന്തിച്ച്.
ആരുമില്ലാത്തവർക്കു ദൈവമുണ്ട്
മറ്റൊരു ലോകവുമുണ്ടെന്നതു മാത്രമാണൊരു
ആശ്വാസം.

# '''എന്തേ നീ...??'''



ബീന സി.കെ


വാതിൽ ഞാൻ തഴുതിട്ടിരുന്നില്ലല്ലോ....
ചേർത്തടച്ചല്ലേയുള്ളൂ..?
പിന്നെയെന്തേ നീ ഇത്രയും ഭയാനകമായി
തള്ളിത്തുറന്നത്.?

ആടിക്കഴിഞ്ഞില്ലേ നിന്റെ സംഹാര താണ്ഡവം...
എന്റെ....
സ്വപ്നം തുളുമ്പുന്ന മിഴികളിലൂടെ...
ഗാനമുറങ്ങുന്ന ചുണ്ടിലൂടെ...
പ്രണയം തുടിക്കുന്ന മാറിലൂടെ...
ആടിത്തിമർത്തില്ലേ നീ...????
നിനക്കാണോ സഹസ്ര സാഗരങ്ങളുടെ കുളിർമ്മ.?
നീയാണോ ഇന്ദ്രാനുഗ്രഹം..?
നീയോ മൃതസഞ്ജീവനി..?
ഒരല്പം മാറി നിൽക്കൂ..
ഞാനൊന്ന് കരഞ്ഞോട്ടെ
നീ കവർന്നെടുത്ത മാനമോർത്ത്...
മുങ്ങിത്താണ കിനാക്കളോർത്ത്.
ഒന്ന് പൊട്ടിക്കരഞ്ഞോട്ടെ ഞാൻ...
നിന്നെത്തഴഞ്ഞ നിമിഷങ്ങൾക്ക്
എങ്ങിനെയാണിനി
മാപ്പ് പറയേണ്ടത്..?
ഇനി താങ്ങാനാവില്ലെനിക്ക്...
സൗമ്യനാകൂ...
വിധേയയാണ് ഞാൻ..

# "നിനക്ക്"



സജാദ് സാഹിർ



**സഖീ...**
**പ്രണയത്തിന്റെ**
**കടലാഴങ്ങളിൽ**
**നമുക്ക്**
**വസന്തമായ്**
**പൂക്കണം.**
അതിരുകളുടെ
മൗഢ്യങ്ങൾക്ക മീതെ
ഒരേയാകാശത്തിന്റെ
നക്ഷത്രമാകണം.
**ഹൃദയത്തിന്റെ**
**പാത വലിപ്പത്തിൽ**
**കടൽ പരപ്പുകൾ**
**താണ്ടണം.**
സഖീ....
ഒരൊറ്റ ഉമ്മകൊണ്ട്
നമുക്ക്
പൊരിവെയിലിലെ
സംഗീത മാവണം
പെരുമഴയില
തണലാവണം
കൂരിരുട്ടിലെ
നിലാവാകണം
**നമുക്കീ മഴത്തണുപ്പിൽ**
**കെട്ടിപ്പിടിച്ച കിടക്കാം.**
**നഗ്നമേനികൾ കൊണ്ട്**
**പരസ്പരം പുതച്ചുറങ്ങാം.**
**പകലിന്റെ തിളച്ച വെയിൽ**
**നമ്മെ**
**വിയർത്തുരുക്കും വരെ.**

# 'ഒരു പെരുമഴക്കാലം



ഹാഷിമിയ്യ.വി

"അമ്മേ , വിശക്കുന്നു. ങ്ങും..."

അനി മോൾ മാക്സി തുമ്പ് പിടിച്ചു വലിച്ചു. അത്രയും നേരം തണുത്ത മിഴികളാൽ ഇമവെട്ടാതെ ആർന്നിറങ്ങുന്ന മഴയിലേക്ക് നോക്കി നിന്ന ലത ഞെട്ടിയുണർന്നു.

മോള് രാവിലെയൊന്നും കഴിച്ചിട്ടില്ല. താൻ കഴിഞ്ഞ രാത്രിയും പട്ടിണിയായിരുന്നു. കനിവോടെ ലത, മോളുടെ മുടിയിഴകളിലൂടെ കയ്യോടിച്ചു. ചീകിയിട്ട് രണ്ടു ദിവസമായിരുന്ന മുടിയിഴകൾ എണ്ണമയമില്ലാതെ പാറി പറന്നു.

"സുരഭേച്ചീ , ഭക്ഷണമെത്തിയോ ?"

"ഒന്നും എത്തീട്ടില്ല. ദേ കൊച്ച് കരഞ്ഞൊറങ്ങി." ദയനീയ ഭാവത്തോടെ സുരഭി പറഞ്ഞു. അവര് വന്നിട്ട് രണ്ടു ദിവസമേ ആയിട്ടുണ്ടായിരുന്നുള്ളൂ. പേരമക്കളുമായി തിന്നാനും ഉറങ്ങാനും കഴിയാതെ കഷ്ടപ്പെടുകയാണ് പാവം.

ലത ഓർത്തു. കഴിഞ്ഞ ഒരാഴ്ചയായി താനീ ക്യാമ്പിലാണ് . ജീവിക്കാനാവശ്യമായ വെള്ളവും ഭക്ഷണവും ഈ ദുരിതാശ്വാസക്യാമ്പിലും കിട്ടുന്നുണ്ട്.ബഹളമയമായ ചുറ്റുപാടിലും പക്ഷേ, മനസ്സ് ശാന്തമാണ്. അനന്തമായ ശൂന്യതയിലൂടെ സഞ്ചരിക്കുകയാണ്.

അവൾ ചുറ്റും കണ്ണോടിച്ചു. യുദ്ധഭൂമിയിൽ മാതാപിതാക്കളേയും സഹോദരങ്ങളെയും മക്കളെയും നഷ്ടപ്പെട്ട ബന്ധുമിത്രാദിക്കു തുല്യം. ഇതും ഒരു യുദ്ധഭൂമി തന്നെയാണല്ലോ. തങ്ങൾക്കുമീതെ, മിസൈൽ ബോംബുകളും പീരങ്കികളും കണക്കെ മഴ കഴിഞ്ഞ മൂന്ന് മാസമായി കനത്ത യുദ്ധത്തിലാണ് . അത് തങ്ങളുടെ പുരയിടങ്ങൾ പിടിച്ചെടുത്തു. ജീവിത സമ്പാദ്യങ്ങൾ കൈക്കലാക്കി. ദിനരാത്രങ്ങൾ ഇടപഴകിയിരുന്ന വീട്ടുസാമാനങ്ങൾ കൊണ്ടുപോയി. സ്വന്തമായി ഉടുതുണി മാത്രമായിരിക്കുന്ന സമ്പാദ്യം.

“ബാഗ്, അമ്മാ എന്റെ ബാഗ് , ദാ പോണു”അനി മോളുടെ ചുടുകണ്ണീര് കൈതണ്ടയിൽ ഇറ്റി വീണു.
പുതുവർഷത്തിൽ എൽ.കെ.ജി യിലേക്ക് വാങ്ങിച്ച അവളുടെ സ്കൂൾ ബാഗ് വെള്ളത്തിലൂടെ ഒലിച്ചുപോകുന്നു. ബലപിടിത്തത്തിലൂടെ ബാഗ് കൈക്കലാക്കിയ വികൃതി കുട്ടിയെ പോലെ, ക്രൂരഭാവത്തോടെ വെള്ളം ചിരിച്ചൊഴുകി.

“അയ്യോ.....ഏട്ടാ” ഉച്ചത്തിൽ ഒരു ദയനീയ നിലവിളി അവിടമാകെ മുഴുകി. അത് ലതയുടെ ചെവിയിൽ പ്രകമ്പനം കൊള്ളിച്ചു. വലിയൊരു കൂട്ടം അവിടെ രൂപം കൊണ്ടു. ലതയുടെ കണ്ണുകൾ അവിടമാകെ തിരഞ്ഞു. അവളുടെ മനസ്സ് വിറ കൊണ്ടു. ഓർമകളിലേക്ക് അവൾ ഇടറിവീണു....

കഴിഞ്ഞ വ്യാഴാഴ്ച്ച.
രാത്രി ഭക്ഷത്തിനു ശേഷം അനിമോളുടെ പാട്ട് കേൾക്കുകയായിരുന്നു താനും സതീഷേട്ടനും. പെട്ടെന്നാണ് ഒരു ഭൂമി കുലുക്കം കണക്കെ ഒരു പൊട്ടിത്തെറി കാതടപ്പിച്ചത്. പ്രതീക്ഷിച്ചതായിരുന്നു പക്ഷെ , ആ നിമിഷം തിരിച്ചറിയാനാകുന്നതിനുമുമ്പ് വീട്ടിൽ നിന്ന് പുറത്തിറങ്ങി

വള്ളത്തിൽ കയറിയിരുന്നു. കൈ പിടിച്ച് തോണിയിൽ കയറ്റിയ ശേഷം സതീഷേട്ടൻ തിരിഞ്ഞു. എങ്ങോട്ടാണെന്ന് ചോദിക്കുമ്പോഴേക്കും ഇപ്പം വരാമെന്നു പറഞ്ഞ് പോയിക്കഴിഞ്ഞിരുന്നു.

നിഷാദിക്കാന്റെ വീട് പൊളിഞ്ഞു വീണു. സമീപത്തെ ആൽ വീണ് തന്റെ വീടും തകർന്നു. അവിടുത്തെ ഇളയ മോള് ദിയക്കു വേണ്ടി തിരയാനാണ് സതീഷേട്ടൻ പോയത്. അപ്പോഴേക്കും വേറൊരു മരം കൂടി വീണ് അവിടമാകെ മൂടിയിരുന്നു. തങ്ങളുടെ കളിചിരികൾ നിറഞ്ഞിരുന്ന വീട് ഇന്ന് ദുരിതപ്രളയത്തിന്റെ അവശേഷിപ്പുകളാണ്. അനിമോള് അച്ഛനെ അന്വേഷിക്കാറില്ല. കാരണം അവളിപ്പോഴും യാഥാർത്ഥ്യം ഉൾക്കൊണ്ടിട്ടില്ല. പിറ്റേ ദിവസം ദിയയുടെ മൃതദേഹം കൊണ്ടു വെച്ചു ഒപ്പം ......
അന്ന് അവിടമാകെ ലതയുടെ ശബ്ദം നിറഞ്ഞു നിന്നിരുന്നു. ഒപ്പം നിലവിളികൾ ഹരം കൊള്ളിച്ചിരുന്ന ആർത്തിരമ്പുന്ന മഴയുടെയും.....

## പാലൂർ കോട്ട പഠനയാത്ര



# "പെയ്ത് തോരാത്ത മഴ മേഘങ്ങൾ"



ഫാത്തിമ ശബ്ന

രാഘവേട്ടാ , നമ്മളെത്ര കഷ്ടപ്പെട്ട് വച്ച വീടാലെ.... ഇപ്പൊ കണ്ടില്ലേ.. തകർന്ന് തരിപ്പണായിട്ട്.......രാഘവേട്ടന്റെ കണ്ണ് കണ്ടാ സഹിക്കില്ല. എത്ര കാലം മറു നാട്ടില് ചോര നീരാക്കി പണിയെടുത്ത് കിട്ട്യേ പൈസ കൊണ്ട് വച്ച വീടാ..... സങ്കടാവാതിരിക്കോ വാ പോവാം ,ഇവ്ടെ നിന്നിട്ടെന്താ..... എന്നും പറഞ്ഞ് രാഘവേട്ടൻ മുന്നിൽ നടന്നു ഞാൻ പിന്നാലെയും. ഞങ്ങൾടെ കൂടെ അടുത്ത വീട്ടിലെ സുകുമാരൻ ചേട്ടനും ഉണ്ട്. എടാ രാഘവാ, കഴിഞ്ഞ കൊല്ലം വെള്ളം കിട്ടാതെ വരൾച്ച ഉണ്ടായത് ഓർമ്മല്ല്യേ.... ദൈവത്തിന്റെ ഓരോ കളികൾ..... ഞങ്ങൾ ഞങ്ങടെ ക്യാമ്പ് ലക്ഷ്യമാക്കി നടന്നു. എവിടെയാണ് റോഡ് എവിടെയാണ് പാടം എന്നൊന്നും തിരിച്ചറിയാൻ പോലും പറ്റുന്നുമില്ല. അരയോളം വെള്ളമുണ്ട്. മഴ കലി തുള്ളി പെയ്യുന്നുണ്ട്. ഇങ്ങനെ പോയാ പ്രളയം ഇവിടൊന്നും ഒതുങ്ങില്ല. വയനാട് എന്ന ഒരു ജില്ല കേരളത്തിനുണ്ടായിരുന്നു എന്ന് ചരിത്രത്തിൽ പഠിക്കേണ്ടി വരും . ക്യാമ്പിന്റെ അടുത്തെത്തിയിട്ടുണ്ട്. ആകെ ബഹളമാണ്. കുട്ടികൾ കരയുന്നു , ആളുകളുടെ സംസാരം , പത്രക്കാരും ടീവിക്കാരും അതിനു പുറമെ ക്യാമ്പിലെത്തിയതും അച്ചുവും അപ്പുവും ഓടി വന്നു. വീട് കാണാൻ പോയപ്പൊ അവരും വാശി പിടിച്ചതാണ് .നാട് മൊത്തം വെള്ളത്തിൽ മുങ്ങി കിടക്കുമ്പോൾ അവരെ എങ്ങനെ കൊണ്ടോവാനാണ്.

ക്യാമ്പിൽ ഭക്ഷണം ശരിയ്ക്ക് കിട്ടാനില്ല ,കുടി വെള്ളവുമില്ല. ഒരു

കാലത്ത് എങ്ങനെ ജീവിച്ചിരുന്നവരാണ്. ഇന്ന് വെറും അഭയാർത്ഥികൾ ..വൈദ്യുതി ഇല്ലാത്തതു കൊണ്ട് ഫോൺ രണ്ട് ദിവസമായി സ്വിച്ച് ഓഫ് ആണ് . നാട്ടീന്ന് അമ്മ കുറേ വിളിച്ചിട്ടുണ്ടാവും. മക്കൾ പഠിക്കുന്ന ഗവൺമെന്റ് സ്കൂളിലാണ് താമസം. ജാതി – മത – വർഗ്ഗ ഭേദമില്ലാതെ ഇപ്പോൾ ഇവിടെ എല്ലാവരും ഒന്നാണ്. അമ്മേ . . . . മുത്തശ്ശി വിളിക്കുന്നു അച്ച വന്നു പറഞ്ഞു. ഞാൻ ഞങ്ങടെ മുറിയിലേക്ക് കയറി . അമ്മ കിടപ്പിലായിട്ട് ഒന്നര മാസമായി. ക്ലാസിലെ 2 ബെഞ്ച് അടുപ്പിച്ചിട്ട് അമ്മയെ അതിൽ കിടത്തിരിക്കുകയാണ് . എന്താ അമ്മേ . . . . മോളെ എനിക്കെന്തോ വയ്യായ്ക പോലെ . അച്ച മുത്തശ്ശിക്ക് കുറച്ച് വെള്ളമെടുത്ത് കൊടുക്ക് ഞാൻ ഡോക്ടറേ വിളിച്ചിട്ട് വരാം . ക്യാമ്പിൽ എല്ലാ സജ്ജീകരണവുമുണ്ട്. സർക്കാറിനോട് മതിപ്പ് തോന്നുന്നത് ഇപ്പോഴാണ്. ഡോക്ടറേ വിളിച്ച് കാണിച്ചു . ഹോസ്പിറ്റലിലേക്ക് മാറ്റണം എന്നു പറഞ്ഞു. ആംബുലൻസ് വന്നു അമ്മയെ അതിൽ കയറ്റി. ഞാൻ പോവാൻ ആഞ്ഞതാണ്. രാഘവേട്ടൻ പോവാമെന്ന് പറഞ്ഞു സ്കൂളിന്റെ വരാന്തയിൽ അവർ പോകുന്നതും നോക്കി ഞാൻ നിന്നു . അപ്പഴും മഴ കലി തുള്ളി പെയ്യുകയാണ്...

# ഹരിത വിദ്യാലയം



# അനാഥന്റെ പിറവി



കൃഷ്ണജ്യോതി കെ.കെ

എവിടെനിന്നുയരുന്നു എവിടെനിന്നുയരുന്നു
ഒരു കുഞ്ഞുപൈതലിൻ ശബ്ദമെൻ
കാതിൽ.........(2)
കോരിച്ചൊരിയുന്ന പേമാരി സമയത്ത്
ആരോ വലിച്ചെറിഞ്ഞൊരു കുഞ്ഞിനെ......

എന്തിനീ അപരാധം ചെയ്തു നീ ഭൂമിയിൽ
എന്തിനുവേണ്ടി നീ ചെയ്തു ഈ ക്രൂരത...(2)
കളഞ്ഞിട്ടുപോകുവാനാണെങ്കിൽ എന്തിനായ്
ഈ ഭൂമിയിൽ പിറന്നെന്തിനായി നീ.............

ഒരു കുഞ്ഞുകാലൊച്ച കേൾക്കുവാൻ വേണ്ടി
എത്രയോ അമ്മമാർ കാത്തിരിപ്പൂ..........(2)
ദൈവത്തിൻ ഭാഗ്യത്താൽ ഉണ്ടായ കുഞ്ഞിനെ
ആരോരുമില്ലാതെയാക്കീലെ നീ..........(2)

വരും വർഷത്തിലെങ്കിലും ഇങ്ങനെഅപരാധം
ആരാരും ഭൂമിയിൽ ചെയ്യ്തീടല്ലെ...........(2)

# പ്രകൃതി



ഉമ്മുഹബീബ

പുരാതനം തൊട്ട് നീ കൺ മിഴിക്കെ
പുനരുദ്ധാരണയാണുനീ
ഏകാന്തതയിലല്ല നീ ഓർകാത്ത
സ്വപ്നങ്ങൾ പലതുമുണ്ട്
ഓർമ്മയിൽ തുടിക്കുന്ന നിൻവസന്തം
ഓർത്താലുമോർത്താലുമില്ലാവസന്തം
പുരാതന മനുഷ്യർ ആരാധിച്ചുനിന്നു
ഓർക്കാത്ത പലതും നിന്നിൽസംഭവിച്ചു
ഐക്യത്തിലും സമാധാനത്തിലും
സൗഹ്യദ വസന്തത്തിൽ ഉറവിടവും
നീ ജന്തുജാലത്തിൻ ഗർഭാശയം
നീരുറവയുടെ സംഭരണിയോ
നീയില്ലയെങ്കിൽ ജന്തുജാലമില്ല
ഒപ്പം എന്നെയും കോരിയെടുക്കുമോനീ
ദൈവത്തിനെന്നും നിന്നെസ്നേഹമാണ് .
ദൈവകനിവുകൾ നിന്നിലെന്നും
മനുഷ്യ സമൂഹമിന്ന് ആഗ്രഹിക്കുന്നതിനാ –
നിൻ കൊമ്പിലൊരു ഊഞ്ഞാലിടാൻ
കാണുന്നില്ല എന്നാലും നിൻകിനാവ്
കാണുവാനില്ലേ നിൻ കാർമേഘവും
വേനലിലെന്നും കുടയായി നീ –
ഭൂമിക്കു താങ്ങും തണലുമായി ...
ആധുനികത്തിലെ മാനുഷർ ,
ഇവർ ഇന്ന് മോഹങ്ങളോരോന്നും
സഫലമാക്കി..ഇന്ന് നിൻ ജീവിതത്തിന്ന് ഭീഷണിയായ് ......
വരും തലമുറയുടെ രക്ഷകനല്ലാത്ത ഇവർ
പിന്നെന്തിനു ഇവിടെ നിലകൊള്ളണം
പുരാതനം തൊട്ട് നീ കൺ മിഴിക്കെ
പുനരുദ്ധാരണയാണു നീ

# ജൂനിയർ റെഡ് ക്രോസ്









# ഇരുളിൽ നിന്നും വെളിച്ചത്തിലേക്ക്



വിഷ്ണു പ്രണവ്

ഒറീസയിലെ ഒരു കൊച്ചു ഗ്രാമം.

ഒരു അർദ്ധരാത്രിയിലാണ് അവളുടെ ജനനം അവളുടെ കുടുംബത്തെ തളർച്ചയുടെ കാലത്തേക്ക് കൊണ്ടു പോയി. നാളുകളേറേയായി ദാരിദ്ര്യത്തിന്റെ ഇടയിൽ വളർന്ന അവൾക്ക് പട്ടിണി ഒരു പ്രശ്നമല്ലായിരുന്നു. അവൾ സ്കൂളിലേക്ക് പോയിരുന്നത് തന്നെ പട്ടിണി മാറ്റാനായിരുന്നു. നാളുകൾക്കിടയിൽ അവളുടെ അച്ഛൻ വിട പറഞ്ഞു. അത് അവളുടെ കുടുംബത്തെ ഇരുട്ടിന്റെ അറയിലേക്ക് തള്ളിയിട്ടത് പോലെയായി. ഫീസ് അടക്കാൻ കഴിയാതെ അവളെ സ്കൂളിൽ നിന്ന് പുറത്താക്കി. "നീയും നിന്റെ അമ്മയെപ്പോലെ വീട്ടുജോലിക്ക് പൊയ്ക്കോ" - എന്ന് ടീച്ചർ പറഞ്ഞു. അത് അവളുടെ മനസ്സിൽ ഒരു അലയായി തീർന്നു. അവൾക്ക് അതൊരു വിജയത്തിന്റെ ചവിട്ടു പടി കയറാൻ പ്രചോദനമേകി. ഏറെ വർഷങ്ങൾക്ക് ശേഷം സിവിൽ സർവ്വീസ് സ്വപ്നവുമായി അവൾ മുംബൈയിലേക്ക് ട്രെയിൻ കയറി. 2 വർഷത്തെ ട്രൈനിങ്ങിന് ശേഷം ഒറീസയിലേക്ക് പോസ്റ്റ് ലഭിച്ചു. സ്വന്തം ജില്ലയിലെ കലക്ടറായിരുന്ന അവൾ അവിടത്തെ ഏക സ്കൂളിലെ ഉദ്ഘാടനത്തിന് എത്തുകയാണ്. അന്ന് അവിടത്തെ ഹെഡ്മാസ്റ്ററെ അവൾ ശ്രദ്ധിച്ചു. സൂക്ഷിച്ചു നോക്കിയപ്പോഴാണ് അവൾക്ക് ആ വലിയ സത്യം മനസ്സിലായത്. അന്ന് അവളെ സ്കൂളിൽ നിന്ന് പുറത്താക്കിയ ടീച്ചറായിരുന്നു അത്. അന്ന് അവൾക്കുണ്ടായ സങ്കടത്തിന്റെ അത്ര കുറ്റബോധം ഇന്ന് ടീച്ചറുടെ മുഖത്ത് കാണാം. ഉദ്ഘാടനത്തിന് ശേഷം അവൾ ടീച്ചറെ പോയി കണ്ടു. ടീച്ചറുടെ കണ്ണിൽ നിന്ന് ഒഴുകിയെത്തിയ കണ്ണുനീർ തുടച്ച് അവൾ പറഞ്ഞു "ടീച്ചർ , നിങ്ങൾ അന്ന് പറഞ്ഞ വാക്കാണ് എന്നെ ഉയരങ്ങളിലേക്ക് എത്തിച്ചത്".

# ഗ്രാമം നഗരമായാൽ



ഉമ്മുഹബീബ

മാറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം. ഒരിക്കൽ ഒരു ഗ്രാമത്തിൽ മേരി എന്നൊരു പെൺകുട്ടിയും അവളുടെ കുടുംബവും ഉണ്ടായിരുന്നു. വളരെ മനോഹരമായ ഒരു ഗ്രാമമായിരുന്നു. അത് , മലകളും കുന്നുകളും നീന്തൽ കുളങ്ങളും അരുവികളുമെല്ലാം നിറഞ്ഞ ഒരു സുന്ദര ഗ്രാമം. ഗ്രാമത്തിലെ ആളുകൾ കൂടുതലും കാർഷികേതരകാര്യങ്ങളിൽ ഏർപ്പെട്ടിരുന്നു. കാണുന്ന കൂടുതൽ വയലുകളിലെല്ലാം നെല്ലും പച്ചക്കറികളുമായിരുന്നു. ആവശ്യ സാധനങ്ങളുടെ ശേഖരണ ശേഷം ബാക്കി വരുന്നത് കംബോളങ്ങളിൽ കൊണ്ടുപോയിവിറ്റിരുന്നു. വളരെ അപൂർവമായി ആയിരുന്നു അവർ നഗരങ്ങളിൽ എത്തിയിരുന്നത്. ഒരിക്കൽ മേരിക്ക് നഗരത്തിൽ പോകേണ്ടി വന്നു. കാരണം അവൾ ഗ്രാമത്തിലെ എൽ.പി സ്കൂളിൽ നാലാം ക്ലാസ് വരെ പഠിച്ചു. യു.പി,ഹൈസ്കൂൾ എന്നിവ പഠനത്തിനാണ് അവൾ പോയത്. എന്നാൽ അവൾ പ്രകൃതി സ്നേഹി ആയിരുന്നതിനാൽ അവളുടെ മരത്തൈകളും മറ്റും ഉപേക്ഷിച്ച് അവൾക്ക് പോവാൻ തീരെ ആഗ്രഹമില്ലായിരുന്നു. അന്നേരം അവളുടെ പിതാവ് പറഞ്ഞു. മേരിയെ നമുക്ക് നഗരത്തിലെ മുത്തശ്ശിയുടെ അടുത്ത് താമസിപ്പിക്കാം. ഒരു മുത്തശ്ശിയുടെ അനുഭൂതി മനസ്സിൽ കയറി അവൾ സമ്മതിച്ചു.

അവളും പിതാവും ഒരു ദിവസം രാവിലെ നഗരത്തിലെ മുത്തശ്ശിയുടെ അടുത്തേക്ക് ഒരുങ്ങി. അങ്ങനെ അവർ കുറെ ദൂരം സഞ്ചരിച്ച് നഗരത്തിലെ മുത്തശ്ശിയുടെ വീട്ടിലെത്തി. പക്ഷെ അവൾ വിചാരിച്ച പോലെയായിരുന്നില്ല. ധാരാളം മണമെല്ലാം അടിച്ചു വീശിക്കൊണ്ടുള്ള ഇളംകാറ്റുകൾ. അവളെ അവിടെ നിറുത്തി പിതാവ് യാത്രയായി. അങ്ങനെ ദിവസങ്ങൾ കടന്നുപോയി അവളെ വിദ്യാലയത്തിൽ ചേർത്തു. അവളുടെ മനസ്സിൽ അവളുടെ മരങ്ങളും കിളികളുമെല്ലാമായിരുന്നു. എന്നാൽ നഗരത്തിൽ വാഹനങ്ങളുടെ ശബ്ദം. 10 വർഷം അവൾ അവിടെ നിന്ന് പഠനം പൂർത്തിയാക്കി. അന്നെല്ലാം അവളുടെ മനസ്സിൽ അവളുടെ ഗ്രാമമായിരുന്നു. അങ്ങനെ ഒരു ദിവസം അവൾ മുത്തശ്ശിയോടു സമ്മതം ചോദിച്ചു അച്ഛനും അമ്മയ്ക്കും കുറച്ചു സാധനങ്ങളുനമായി വീടിന്റെ സ്ഥാനത്തേക്കു തിരിച്ചു. കൂടെ മുത്തശ്ശിയും ഉണ്ടായിരുന്നു. അങ്ങനെ അവർ വീടിനടുത്തേക്കുവന്നു മുത്തിശ്ശിയുടെ കയ്യിൽ ധാരാളം തൈകളും ഉണ്ടായിരുന്നു. ഭാരമേറിയതു കൊണ്ട് മുത്തശ്ശി കുറച്ചു സമയം വിശ്രമിച്ചു. അന്നേരം മേരി നോക്കിയപ്പോൾ തന്റെ വീട് നിൽക്കുന്ന ഭാഗത്ത് വലിയ കെട്ടിടങ്ങൾ .അവൾ അമ്പരന്നു എന്റെ വീട് ,മരങ്ങൾ, കുടുംബം ,അയൽവാസികൾ സുന്ദരമായ കുന്ന് ഇതെല്ലാം എവിടെപ്പോയി. അവൾ അയൽവാസിയായ ഒരാളെ കണ്ടു. അദ്ദേഹത്തോട് അവൾ കാര്യങ്ങൾ തിരക്കി. നിന്റെ കുടുബം ആ ഫ്ലാറ്റിന് മുകളിലാ..അവളുടെ കണ്ണുകൾ മഞ്ഞളിച്ചു. മോളേ നമ്മൾ ഇനി മതിൽ കെട്ടിൽ മാത്രം.

# കേരളം



ഉമ്മുഹബീബ

**കേരളമെന്ന ഒരു സ്വന്തം നാട്**
**കേരളിയരുടെ സ്വന്തം നാട്**
**ദൈവത്തിന്റെ സ്വന്തം നാട്**
**ഇത് കേരളമെന്നൊരു പുണ്യനാട്**

ധാരാളം പേരുടെ ജനവാസമായ്
ഇന്ന് ധാർമിക ജീവിതപുണ്യ മണ്ണായ്
ദുസ്വപ്ന മല്ലാത്ത ഹരിത നാട്
ളുവെള്ളി പോലുള്ള പുണ്യനാട്

**രാപാടി കുരുവികളുണ്ടിവിടെ, രാഗ -**
**ക്കിനാക്കൾ ,ജനങ്ങളെല്ലാം രാത്രി**
**രാജ പൂവായി വിടർന്നവരും വീണ്ടും**
**പുഷ്പാർഷവനത്തിൽ തെളിഞ്ഞവരും**

ദേവാലയങ്ങളും ചർച്ചുകളും പിന്നെ
പള്ളികളും പുണ്ണ്യതീർത്ഥാടനവും
ഒത്തൊരുമയും ഐക്യവുമെല്ലാം
തുന്നി ചേർത്തൊരു തട്ടമാണ്

കടലോട്ടു ചേർന്നവൻ സ്ഥിതിചെയ്തിട്ടും
കരയുടെ പെണ്ണുക്കുട്ടുകാരനായ്
ഇവൻ കേരള മെന്ന സംസ്ഥാനമായ്
എന്നു ഹരിതാഭമായ്... തുള്ളികളായ്

നാളികേരത്തിന്റെ നാടായകേരളം
നൻമ നിറഞ്ഞ് തുളുമ്പിടുന്നു
നാഴി മുറങ്ങളും നാനാധാന്യവും ഭക്ഷ -
ണ സുധാരനമാണിവർ

കേരളമെന്നൊരു സ്വന്തം നാട്
കേരളിയരുടെ സ്വന്തം നാട്
ദൈവത്തിന്റെ സ്വന്തം നാട്
ഇത് കേരളമെന്നൊരു പുണ്യനാട്

കേരളമെന്ന ഒരു സ്വന്തം നാട്
കേരളിയരുടെ സ്വന്തം നാട്
ദൈവത്തിന്റെ സ്വന്തം നാട്
ഇത് കേരളമെന്നൊരു പുണ്യനാട്

# ചക്കിന്റെ കാള



നിഖിൽ

ഒരിക്കൽ ഒരു സ്ഥലത്ത് ദാമു എന്ന കൃഷിക്കാരനുണ്ടായിരുന്നു. അയാളുടെ ആഗ്രഹം 2 കാളകളെ വാങ്ങണം എന്നാണ്. അങ്ങനെ ഉള്ളതെല്ലാം വിറ്റ് അവൻ ഒരു കാളയെ വാങ്ങി. ചന്തയിൽ നിന്നും തിരിച്ചപ്പോൾ രാത്രിയായി. അങ്ങനെ അവൻ അവന്റെ കൂട്ടുകാരനായ രാമുവിന്റെ വീട്ടിൽ തങ്ങി. ദാമു രാമുവിനോട് പറഞ്ഞു. നീ കുറെകാലമായില്ലെ പറയുന്നു നിനക്ക് 2 കാളയെ വേണമെന്ന് ഇതുവരെയും നീ വാങ്ങിയില്ലേ ? നിന്റെ ചക്കുകൊണ്ട് നിനക്ക് വരുമാനമൊക്കെ കിട്ടുന്നില്ലേ ? രാമുവിന്റെ ഭാര്യക്ക് അസൂയ തോന്നി. അവൾ രാമുവിനോട് പറഞ്ഞു. എങ്ങനെയും നമുക്കാ കാളയെ തട്ടിയെടുക്കണം.

പിറ്റേന്ന് രാവിലെ ദാമു കാളയെയും കൊണ്ട് പോകാൻതുടങ്ങിയപ്പോൾ രാമു പറഞ്ഞു. നീ എന്താണീ കാണിക്കുന്നത്. ഇത് ഇന്നലെ രാത്രി എന്റെ ചക്ക് പ്രസവിച്ച കാളക്കുട്ടിയാണ്!. ഇരുവരും തമ്മിൽ വാക്കേറ്റമുണ്ടായി. പാവം ദാമു വിഷമത്തോടെ കാളകളെ രാമുവിന് കൊടുത്തിട്ട് യാത്രയായി. ഇത് മാവിൻ കൊമ്പിലിരുന്ന തങ്കു കുരങ്ങൻ കണ്ടു. തങ്കു താഴേക്ക് ചാടി ഒരു കാര്യം ദാമുവിന് പറഞ്ഞു കൊടുത്തു. ദാമുവിന്റെ മുഖം വിടർന്നു. പെട്ടെന്ന് തന്നെ വന്ന് രാമുവിന്റെ മുണ്ട് എടുത്ത് ചക്കിന്റെ പുറത്ത് വിരിച്ചു. ശേഷം ദാമു ഉറക്കെ നിലവിളിച്ചു. അപ്പോൾ രാമുവും ഭാര്യയും ഓടിവന്നു. ദാമു പറഞ്ഞു.

എന്നാലും നിനക്കീ ഗതിവന്നല്ലോ രാമൂ... രാമുവിനൊന്നും മനസ്സിലായില്ല. രാമു ചോദിച്ചു എന്താണ് ? എന്താണ് കാര്യം. നിന്റെ ചക്ക് മരിച്ചുപോയി രാമൂ ...ദാമു മറുപടി പറഞ്ഞു. ഇന്നലെയുണ്ടായ പ്രസവത്തെ തടർന്നാണ് മരണം. ഞാൻ കുഴിയെടുത്തുവെച്ചിട്ടുണ്ട്. അൽപ്പ സമത്തിനകം ചക്കിനെ സംസ്കരിക്കും. രാമുവിനും ഭാര്യയ്ക്കും കാര്യം പിടികിട്ടി അവർ കാളകളെ വിട്ടുകൊടുത്തു. ദാമു തങ്കുവിന് നന്ദി പറഞ്ഞു.

# ഹരിത സേന



# അച്ഛൻ



സയ്യിദ് ദിൽഷാദ്


ഒരിക്കൽ ഒരു കുടുംബമുണ്ടായിരുന്നു. അവർ വളരെ ദാരിദ്ര്യത്തിലായിരുന്നു.അതിൽ അച്ഛനും അമ്മയും 2 കുട്ടികളുമുണ്ടായിരുന്നു .അച്ഛനായിരുന്നു അവരുടെ ഏക അത്താണി .കൂലിപ്പണിക്കാരനായിരുന്നു അദ്ദേഹം.അദ്ദേഹം മക്കളെ ബുദ്ധിമുട്ടി പഠിപ്പിച്ച് വലുതാക്കി.അവർക്ക് ഉന്നത ജോലി ലഭിച്ചു.അവർ കുറച്ച് ദൂരെയായി വളരെ മനോഹരമായി  വീടുകൾ ഉണ്ടാക്കി.അവർ അവരവുടെ വീടുകളിൽ സുഖമായി താമസിച്ചു.കുറച്ച് കാലം കഴിഞ്ഞപ്പോൾ അമ്മ മരിച്ചു. അപ്പോൾഅച്ഛൻ ഏകാന്തതയിലായി.അച്ഛൻ തന്റെ മക്കളുടെ അടുക്കലേക്ക് താമസിക്കാൻ പോയി.അവർ അദ്ദേഹത്തെ ആട്ടിയോടിച്ചു.അവർ സ്വന്തം പിതാവിനെ ഒരു ചെറിയ കുടിലിലാക്കി.അവിടെ അദ്ദേഹം ഒരു ഭക്ഷണവും കിട്ടാതെ രോഗബാധിതനായി മരണപ്പെട്ടു.അവർ അദ്ദേഹത്തെ ഒരു ബഹുമാനവുമില്ലാതെ സംസ്കരിച്ചു.അവർ ആ അച്ഛൻ താമസിച്ച ചെറിയ കുടിൽ പൊളിക്കാനൊരുങ്ങി അപ്പോൾ അവരുടെ 2 കുട്ടികളും ഒരേ സ്വരത്തിൽ പറഞ്ഞു:"പൊളിക്കല്ലെ അച്ഛാ പൊളിക്കല്ലെ  “.അവർ ചോദിച്ചു എന്താ കാരണം ?. അവർ പറഞ്ഞു  "അച്ഛന് വയസ്സാകുമ്പോൾ അച്ഛനെ താമസിപ്പിക്കാനുള്ളതാണ് അപ്പോൾ അവരുടെ മനസ്സ് കുറ്റബോധത്താൽ താന്നു.

"നമ്മൾ ചെയ്ത കുറ്റം പിന്നീട് നമുക്ക് തന്നെ തിരിച്ചടിയാകും"

# പുഴ നൽകും തണൽ



ജുമാനജിബിൻ



പ്രിയ സ്നേഹിതെ ഓർക്കുന്നു ഞാൻ
നിന്നിലൂടെ ഒഴുകും തെളിനീർ.
കുളിരിട്ടും തെന്നലിൻ നാദമിടുമ്പോൾ
കുളിരേകുന്ന നീ ജീവജാലങ്ങൾക്ക്
കുളിരേകുന്ന നീ മനുഷ്യർക്ക്.

ക്രൂരമാം മനുഷ്യന്റെ ക്രൂരവിനോദത്താൽ
നഷ്ടമാകുന്നു നിൻ പരിശുദ്ധിയെ.
നിളയിൽ  വരുമിന്നു പൂക്കളർപ്പിക്കാൻ-
നിന്നെ നശിപ്പിച്ച മനുഷ്യ വൃന്ദങ്ങൾ.
കാത്തിരിക്കാം നമുക്കാ ദിനത്തിനായ്

# അമ്മ



അഞ്ജന.വി.പി

അമ്മയുടെ ആ പീളയടിഞ്ഞ കണ്ണുകളിലേക്ക് അയാൾ അക്ഷമനായി നോക്കിയിരുന്നു. തന്റെ അമ്മയുടെ മുഖം കാണുമ്പോൾ  തന്റെ അമ്മ തന്നെ ബാല്യത്തിൽ നോക്കിയിരുന്ന ഒരോ ദിവസവും അയാൾക്ക് ഓർമ്മ വന്നു. ബാക്ക് സീറ്റിൽ ജനലിനടുത്ത് പറ്റിയിരിക്കുന്ന തന്റെ അമ്മയെ അയാൾ മെല്ലെ ഒന്ന് തിരിഞ്ഞ് നോക്കി.തന്റെ ഭാര്യയുടെ വാക്കുകൾ കാരണം അമ്മ ഒരു ശല്യമായി അയാൾക്ക്.. ഭാര്യയുടെ കുറ്റപ്പെടുത്തൽ, അങ്ങനെയിരിക്കെ അമ്മയെ ഉപേക്ഷിക്കാൻ അയാൾ തീരുമാനിച്ചു.എന്നാൽ അമ്മയെ  ഉപേക്ഷിക്കാൻ അയാൾ ആദ്യം തന്റെ സ്കൂളിന്റെ പരിസരത്തെത്തി അവിടെ അമ്മയെ ഉപേക്ഷിക്കാൻ അയാൾക്ക് മനസ്സ് വന്നില്ല.അമ്മയുടെ കൈപിടിച്ച് കയറുമ്പോൾ തന്നെ പണ്ട്  അമ്മ ആദ്യമായി കൈപിടിച്ച് കൊണ്ടുപോയിരുന്ന ഓർമ്മകൾ അയാളെ അലട്ടി.പിന്നീട് അയാൾ അമ്മയെ ഒരു തെരുവിലേക്ക് കൊണ്ടുപോയി.അവിടെ ഒരു പട്ടി അതിന്റെ കുഞ്ഞുങ്ങളെ നോക്കുകയായിരുന്നു.അയാൾ അവിടേക്ക് അമ്മയെ കൊണ്ടുവന്നപ്പോൾ ആ തെരുവുപട്ടി തന്റെ കുഞ്ഞുങ്ങളുടെ അടുത്തേക്ക് വരുന്നതിനാൽ കുരച്ചു.അത് കണ്ടപ്പോൾ അയാൾക്ക് തന്റെ അമ്മ തനിക്ക് ബാല്യത്തിൽ എങ്ങനെയാണ് സംരക്ഷിച്ചിരുന്നത് എന്നും എന്തെല്ലാം സഹിച്ചു എന്നും അയാൾ ഓർത്തു. താൻ എന്തൊരു ക്രൂരനാണ് എന്നും തനിക്ക് അമ്മയെ മനസ്സിലാക്കാൻ കഴിഞ്ഞില്ല എന്നും അയാൾക്ക് തോന്നി. അയാൾ തന്റെ അമ്മയെ വാരിപ്പുണർന്നു എന്നിട്ട് അമ്മയെ

തിരിച്ച് കൊണ്ട് പോയി.അയാൾ തന്റെ അമ്മയെ തന്റെ അടുത്തിരുത്തി തന്റെ തോളോട് ചേർത്തുനിർത്തി.അൽപം നേരത്തിനു ശേഷം സ്ഥലത്തെത്തി.അയാൾ തന്റെ അമ്മയെ വിളിച്ചു:അമ്മേ വീടെത്തി അമ്മേ എണീക്ക്.പീളയടിഞ്ഞ ആ കണ്ണുകൾ തുറന്നില്ല.അയാൾ അമ്മയെ വാരിപ്പുണർന്നു .അമ്മയെ നെഞ്ചോട് ചേർത്തു പിടിച്ചു.അമ്മേ എനിക്ക് അമ്മ ഒരു ഭാരവുമല്ല,അമ്മ എന്നോട് ക്ഷമിക്കൂ.പക്ഷേ അമ്മ തന്റെ മകന് ഭാരമാവും മുമ്പു തന്നെ പോയിക്കഴിഞ്ഞിരുന്നു. അയാൾ തന്റെ അമ്മയെ നെഞ്ചോട് ചേർത്ത് പറഞ്ഞു. അമ്മേ ആ കൈകൾ ആ കൈകൾ പിടിച്ചാണ് ഞാൻ ആദ്യമായി നടക്കാൻ പഠിച്ചത്. ജീവിക്കാൻ പഠിച്ചത്.....എന്നിട്ടും.....

## കുട്ടിപ്പാർക്കിൽ......



# കോഴിയും ചെന്നായയും



ഫാത്തിമ ഹന്ന

പണ്ട് പണ്ട് ഒരു വീട്ടിൽ കോഴിയും കുഞ്ഞുങ്ങളും താമസിച്ചിരുന്നു.തൊട്ടടുത്ത് തന്നെ ഒരു കാടുണ്ടായിരുന്നു. ആ കാട്ടിൽ ദുഷ്ടനായ ഒരു ചെന്നായ താമസിച്ചിരുന്നു.ചെന്നായ ഒരു ദിവസം കോഴിക്കുഞ്ഞുങ്ങളെ പിടിക്കാനായി കോഴിക്കൂടിനടുത്തു ചെന്നു.അപ്പോൾ അവന് നല്ല വിശപ്പുണ്ടായിരുന്നു. പെട്ടെന്ന് അവന് ഒരു സൂത്രം തോന്നി. അവൻ പെട്ടെന്ന് അടുക്കളയിലേക്ക് പാഞ്ഞു. എന്നിട്ട് അവൻ പൂച്ചയാണെന്ന് കരുതാൻ വേണ്ടി പാത്രങ്ങളുടെ ഇടയിലേക്ക് ചാടി.അപ്പോൾ പാത്രങ്ങളുടെ ശബ്ദം കേൾക്കാൻ തുടങ്ങി.അപ്പോൾ പുറത്തു നിന്നിരുന്ന വീട്ടുകാരൻ അടുക്കളയിലേക്ക് ഓടിവന്നു.ആ തക്കത്തിന് ചെന്നായ കോഴിക്കൂടിന്റെ അടുത്തേക്ക് പാഞ്ഞ് എത്തി.വീട്ടുകാരൻ അടുക്കളയിലേക്ക് എത്തിയപ്പോൾ അവിടെ ആരുമുണ്ടായിരുന്നില്ല.ചെന്നായ കൂടിന്റെ അടുത്തെത്തിയപ്പോൾ കോഴിക്കുഞ്ഞുങ്ങൾ കരയാൻ തുടങ്ങി.അതുകേട്ട് വീട്ടുകാരൻ കൂടിന്റെ അടുത്തേക്ക് ഓടി വന്നു.അപ്പോൾ ദുഷ്ടനായ ചെന്നായ അവിടെ നിൽപ്പുണ്ടായിരുന്നു.അപ്പോൾ വീട്ടുകാരന് ദേഷ്യം വന്നു. വീട്ടുകാരൻ ചെന്നായയെ കൊന്നു. പിന്നീട് കുറുക്കൻമാരുടെയോ ചെന്നായമാരുടെയോ ശല്യം ആ വീട്ടുക്കാർക്ക് ഉണ്ടായിട്ടില്ല.അങ്ങനെ ആ കഥ അവസാനിച്ചു.

# മാറുന്ന വിദ്യാഭ്യാസം



മഞ്ജിമ.കെ

ഒരിടത്ത് അഞ്ചു വയസ്സുകാരനായ അപ്പുഎന്നുപേരുള്ള ഒരു കുട്ടിയുണ്ടായിരുന്നു. ജനനസമയത്ത് അമ്മ മരിച്ചുപോയ അവനെ ചെറുപ്പത്തിൽതന്നെ അച്ഛൻ ഉപേക്ഷിച്ചു. എട്ട് വയസ്സു മുതൽ അവൻ മുംബൈ സിറ്റിയുടെ ഭാഗമായിതീർന്നു. ചേരിപ്രദേശത്ത് വളർന്നുവന്ന അവന് ഭക്ഷണത്തിനുവേണ്ടി സിറ്റിയിലേക്ക് ഇറങ്ങേണ്ടി വന്നു. തെണ്ടിതിരിഞ്ഞു നടക്കുന്ന അവന് ഭക്ഷണം കൊടുക്കാതിരുന്നപ്പോൾ ഭിക്ഷമാർഗം അവന് സ്വീകരിക്കേണ്ടിവന്നു. തെണ്ടിതിരിഞ്ഞുനടക്കുന്ന അപ്പുവിന്റെ അവസ്ഥ കണ്ടിട്ട് റോമൻ രാജ്യത്തുന്നിന്നും വന്ന വൈദേശികൻ അവന് റോമൻ നാണയം നൽകി. അവന്റെ അവസ്ഥ കണ്ടപ്പോൾ അവനെ പോറ്റിവളർത്തി സത്യത്തിൽ അവന്റെ അച്ഛനായി തീർന്നു. ഒരു ദിവസം '"നിങ്ങൾക്കുമാകാം കോടീശ്വരൻ"എന്ന പരിപാടിയിൽ കോടിപതിയായി തീർന്ന അവനോട് ചോദിച്ച ഒരു ചോദ്യം ഇതായിരുന്നു ''റോമൻ നാണയത്തിൽ ആലേഖനം ചെയ്തിരിക്കുന്നത് ആരുടെ ചിത്രമാണ്".

"വിദ്യാഭ്യാസം എന്നത് നാല് ചുമരിൽ ഒതുങ്ങേണ്ടതല്ല. സമൂഹത്തിൽ നിന്ന് നേരിട്ട് അറിയേണ്ടതാണ്."

# സൗഹൃദം



ഐശ്വര്യ

കുട്ടനാടൻ പ്രദേശത്ത് വേലായുധന്റെ മകളായ കവിത പഠനങ്ങളിൽ മുന്നോട്ട് നിന്നിരുന്നു. അവൾക്ക് മറ്റുള്ളവരുടെ സങ്കടങ്ങൾ അറിയാൻ താൽപര്യം ഉണ്ടായിരുന്നില്ല. പ്ലസ് ടു വിദ്യാർത്ഥിയായ കവിത പഠനങ്ങളിൽ മാത്രം ശ്രദ്ധിക്കുകയും മറ്റുകാര്യങ്ങളെ എതിർക്കുകയും ചെയ്തിരുന്നു. അവൾടെ ക്ലാസിൽ അവളുടെ പഠിത്തത്തിന് തടസ്സമായിരുന്ന ദീപ , പാർവ്വതി ,നന്ദിത, ദേവി ഇവരെല്ലാം പഠനങ്ങളിൽ പിന്നോട്ടാണെങ്കിലും മറ്റകാര്യങ്ങളിൽ കവിതയേക്കാൾ മുന്നിലായിരുന്നു.ഇവരുടെ ക്ലാസിലെ ഒരു കുട്ടിയായി രുന്നു രേവതി.കുടുംബപ്രശ്നങ്ങളിലും മറ്റ കാര്യങ്ങളിലും ദുഖി തയായ രേവതി ഒരിക്കൽ ആത്മഹത്യക്ക് ശ്രമിച്ചു.സാമ്പ ത്തിക പ്രശ്നങ്ങൾ ആയതുകൊണ്ട് തന്നെ അവളുടെ ആശുപ ത്രി ചെലവിനും മറ്റും സാമ്പത്തികം ഒരു തടസ്സമായിരുന്നു.സഹാ യവുമായി എത്തിയ ടീച്ചർ കവിതയോട് ചോദിച്ചപ്പോൾ അവൾ ഇങ്ങനെ പറഞ്ഞു"ടീച്ചറേ,അവൾ ആത്മഹത്യ ചെയ്ത ത് അവളുടെ തെറ്റാണ് അതിന് എന്തിന് ഞാൻ പണം മുട ക്കണം"....എന്നാൽ ടീച്ചർ ദീപയോടും സംഘത്തോടും ചോദിച്ച പ്പോൾ "ടീച്ചറേ,ഇന്ന് ഞങ്ങളുടെ രേവതിയാണ് ആശുപത്രിയി ൽ കിടക്കുന്നത് .കടുത്ത സാമ്പത്തികപ്രശ്നവും കുടുംബകാര്യ ങ്ങളും കൊണ്ടാണ് അവൾ ആത്മഹത്യക്ക് ശ്രമിച്ചത് അവൾ ക്ക് വേണ്ടി പണം മുടക്കാൻ ഞങ്ങൾക്ക് സന്തോഷമാണ് ടീച്ചറേ". .. . എന്നായിരുന്നു മറുപടി

**പഠനം ഉള്ളതുകൊണ്ട് മാത്രംഒരാൾ മുന്നോട്ട് കുതിക്കുന്നില്ല. സമൂഹത്തിൽ നല്ലൊരു വ്യക്തി ആയാൽ മാത്രമേ മുന്നോട്ട് കുതിക്കു**

# എന്റെ നാട്ടിലെ പ്രളയം



അമിത്ത് എസ്

അന്ന് ഞാൻ  സ്കൂൾ കഴിഞ്ഞ് വരുന്ന സമയം നല്ല  മഴ, കുട ചൂടിയാണ് വന്നത്.വീട്ടിൽ ചെന്ന് ഹോംവർക്ക് ചെയ്ത്,കുറച്ചുനേരം കളിച്ചു. പിറ്റെ ദിവസവും നല്ല മഴ ..എനിക്ക് പുറത്ത് ഇറങ്ങാൻ പറ്റിയില്ല.ഞാൻ അവധി എടുത്തു.അടുത്ത ദിവസം വെള്ളം തറ വരെ പൊങ്ങിവന്നു. കട്ടില്ലശ്ശേരി മുതൽരാമപുരം വരെ വെള്ളപൊക്കം.എന്റെ വീടിന്റെ അടുത്തുള്ള പാടംനിറച്ച് വെള്ളം.ഒന്നു കൂടി മഴ പെയ്തിരുന്നെങ്കിൽ ഞങ്ങളെ വീടും വെള്ളത്തിൽ മുങ്ങിയേനെ.ഞാനും അച്ഛനും കൂടി അത് കാണാൻ പോയി.തോട്ടം വരെ പുഴയായി.വാഴകൾ എല്ലാം നശിച്ചുപോയി.കേരളം മുഴുവൻ വെള്ളപൊക്കം.

# ജീവിതമെന്ന പുസ്തകം



അഞ്ജലി.ഇ

ഒരിടത്ത് 12 വയസുക്കാരനായ അജിത്ത് എന്നുപേരുള്ള ഒരു ആൺകുട്ടിയുണ്ടായിരുന്നു.തന്റെശരീരത്തിൽ 90% അംഗവൈകല്യം ബാധിച്ച ആ കുട്ടിക്ക് മറ്റുകുട്ടികളെ പോലെ തന്നെ ഓടാൻ ആഗ്രഹമുണ്ടായിരുന്നു.ഒരു ദിവസം നെഹറുപാർക്കിലെ ഓട്ടമത്സരത്തിൽ പങ്കെടുക്കാനെത്തിയ അജിത്തിനെ കാണികളെല്ലാം തന്നെ കളിയാക്കി.മനസ്സ് വേദനിച്ച അജിത്ത് പറഞ്ഞു "എന്നെ കൊണ്ട് ഒന്നും കഴിയില്ല,എന്തിനാണ് എന്നെ ദൈവം ഇങ്ങനെ സൃഷ്ടിച്ചത് ".അജിത്തിന്റെ വേദന കണ്ട അവന്റെ കൂട്ടുകാരൻ പറഞ്ഞു.'' അജിത്തേ ? നിന്നെ കൊണ്ട് ഒന്നും കഴിയില്ല എന്ന് പറയരുത്.ദൈവം നിന്നെ ഇങ്ങനെ സൃഷ്ടിക്കുമ്പോൾ മറ്റുള്ളവരിൽ നിന്ന് എന്തെങ്കിലും ഒരു വ്യത്യാസം നിനക്കുണ്ടാകും
''എന്ന്. അത് കേട്ട അജിത്ത് പറഞ്ഞു.''ചേട്ടാ ഞാൻ പങ്കെടുക്കാൻ പോവുകയാണ്,എനിക്ക് വേണ്ടി പ്രാർത്ഥിക്കണം''.

കാണികളുടെ കളിയാക്കൽ കേൾക്കാതെ അജിത്ത് ഓട്ടമത്സരത്തിന് ഒരുങ്ങി.ഒരുപാട് തവണ മത്സരക്കളത്തിൽ വീണെങ്കിലും ഓട്ടമത്സരത്തിൽ അജിത്ത് തന്നെ വിജയിച്ചു. കാണികൾ എല്ലാം അവനെ വാരിയെടുത്തു.കൈയ്യടിച്ചുകൊണ്ട് അവനെ അഭിനന്ദിച്ചു.അവന്റെ ഏട്ടൻ പറഞ്ഞു''പറഞ്ഞില്ലേ അജിത്തേ ഞാൻ ,ദൈവം നിനക്കായി മാത്രം തന്ന ഒരു കഴിവുണ്ട്. അതാണ് നീ ഈ മത്സരത്തിലൂടെ തെളിയിച്ചത്

അംഗവൈകല്യം ഒരാളുടെയും കുറവല്ല.മറിച്ച് അതൊരു കുറവായി കാണുന്നതാണ് തെറ്റ്.

# അപ്പുവിൻെറ മാറ്റം



റാനിയ യൂസഫ്

ഒരു കൊച്ചു ഗ്രാമത്തിലെ ഒരു സ്കൂളിൽ അപ്പു എന്നപേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു.ഒട്ടും പഠിച്ചിരുന്നില്ല.അവൻ ഭയങ്കര മടിയനായിരുന്നു. അവനെക്കൊണ്ട് എല്ലാവരും ബുദ്ധിമുട്ടിയിരുന്നു. വികൃതികുട്ടിയായിരുന്നു.എല്ലാവർക്കും അവനൊരുശല്ല്യമായിരുന്നു.അവനോട് അവന് ഇഷ്ടമില്ലാത്തത് പറഞ്ഞാൽ അപ്പോൾ വഴക്കുപറയും. ആരാണ് എന്നൊന്നും നോക്കില്ല.

ഒരു ദിവസം അവൻ സ്കൂൾ വിട്ട്പോയപ്പോൾ അവനോട് മാഷ് പറഞ്ഞിരുന്നു നിന്റെ കൈയിൽ കാശില്ല ,അതുകൊണ്ട് ബസ്സിലേക്ക് ചാടിക്കയറരുത്. പക്ഷെ അവനുണ്ടോ കേട്ടഭാവം. ബസ് വന്നപോൾ അവൻ ചാടിക്കയറി .എന്നിട്ട് വിട്ടിലെത്തിയപ്പോൾ അവനോട് അമ്മ ചോദിച്ചു നീ എങ്ങനെയാ വീട്ടിലെത്തിയത്. അപ്പോൾ അവൻ പറഞ്ഞു അത്.... അത്... അത്പിന്നെ എന്റെ കൂട്ടുകാരന്റെ അച്ഛന്റെ ഒട്ടോയിലാണ് ഞാൻ വന്നത്.അതാണ് വേഗം വീട്ടിലെത്താൻ കാരണം. അപ്പോൾ അവന്റെ കൂട്ടുകാരൻ കളിക്കാൻ വിളിച്ചു.അപ്പോൾ തന്നെ അവൻ ഇറങ്ങിപ്പോയി.എന്നിട്ട് കളി കഴിഞ്ഞുതിരിച്ചുവന്നപോൾ അവന്റെ അമ്മയും അച്ഛനും സംസാരിക്കുന്നതുകണ്ടു.അവൻ ഇങ്ങനെയായാൽ എങ്ങനെ നന്നാകും .നമ്മളെനോക്കാൻ അവനല്ലേയുള്ളു.അതുകേട്ടപ്പോൾ അപ്പുവിന് നന്നായി വിഷമംവന്നു.എന്നിട്ടവൻ പഠിക്കാനാരംഭിച്ചു.അങ്ങനെ അവൻ നന്നായി.അവനെ അധ്യപകരെല്ലാം അഭിനന്ദിച്ചു.

ഗുണപാഠം

പരിശ്രമിച്ചാൽ എന്തും നേടാം.

# പ്രളയത്തിന്റെ നാളുകൾ



സൗപർണിക. യു

അന്ന് അരുണിമ വളരെ സന്തുഷ്ടയായിരുന്നു.പിറ്റന്ന് സ്കൂൾ തുറക്കുകയാണ്.അവൾക്ക് വളരെ സന്തോഷം തോന്നി. അച്ഛൻ അവധിക്കാലത്ത് അവൾക്ക് വാങ്ങികൊടുത്ത പട്ടികുട്ടിയുടെ കഥകൾ കൂട്ടുകാരോട് പറയുവാൻ തിടുക്കമായി .പെട്ടന്നാണ് നിപ്പ എന്ന പനി പടർന്നു പിടിച്ചത്.നിപ്പ വളരെ പെട്ടന്ന് പടരുന്നത് കൊണ്ട് സ്കൂളുകൾ തുറക്കുന്നത് മാറ്റിവച്ചു.അവൾക്ക് വിഷമം തോന്നി.അവൾക്ക് രണ്ടുദിവസം ഒന്നും ചെയ്യാനില്ലായിരുന്നു.പിന്നെ അവൾ ജിമ്മിയോടൊത്ത് കളിച്ചുനടന്നു.

ദിവസങ്ങൾ കടന്നുപോയി.ഒരു ദിവസം രാവിലെ അവൾ എഴുന്നേറ്റ് നോക്കിയപ്പോൾ മുറ്റം നിറയെ വെള്ളം.രാത്രി മുഴുവൻ മഴയായിരുന്നു  എന്നുതോന്നുന്നു.അവൾ പെട്ടന്ന് ടി വി ഓൺ ചെയ്തു.ടി വി നോക്കിയപ്പോൾ നാടുമുഴുവൻ വെള്ളത്തിൽ മുങ്ങി എന്ന് അവൾക്ക് മനസിലായി.സ്കൂളുകൾക്കെല്ലാം അവധിയാണ് ..ആളുകൾ ദുരിതാശ്വാസക്യാംപുകളിലേക്ക് മാറുന്നു.തനിക്കും അതുപോലെ പോകേണ്ടി വരുമോ എന്ന് അവൾ പേടിച്ചു.അവൾ വിചാരിച്ചതു പോലെ നടന്നു.അവർ ദുരിതാശ്വാസക്യാംപിലേക്ക് താമസം മാറ്റി.ജിമ്മിയുടെ കൂടിനുമുകളിലൂടെ വെള്ളം നിറഞ്ഞതുകൊണ്ട് ജിമ്മിയെ കാണാൻ പോലും കഴിഞ്ഞില്ല.ക്യാമ്പിൽ അവർക്ക് വളരെ ബുദ്ധിമുട്ടായിരുന്നു.കിടക്കാൻ കിടക്കയില്ല,ഭക്ഷണം അത്ര

നന്നല്ല.അങ്ങനെ പല പ്രശ്നങ്ങളും അരുണിമക്ക് പറയാൻ ഉണ്ടായിരുന്നു.
പക്ഷേ അതെല്ലാം സഹിച്ചല്ലേ പറ്റൂ.ആ പ്രദേശത്ത് ഏറ്റവും കുറച്ച് വെള്ളം കയറിയ സ്ഥലത്താണ് അവളുടെ വീട് എന്നിട്ട്കൂടി മുട്ടറ്റം, വെള്ളം അപ്പോൾ നല്ല പോലെ വെള്ളം കയറിയ സ്ഥലങ്ങളുടെ അവസ്ഥയോ...!അവൾക്ക് അതാലോചിക്കാൻ കഴിഞ്ഞില്ല...

അവൾക്ക് പോകാൻ സമയമായി.ചളിനിറഞ്ഞ വീട്ടുമുറ്റത്തുകൂടി അവൾ ജിമ്മിയുടെ കൂടിനടുത്തേക്ക് ഓടി.കൂട്ടിനുള്ളിൽ ഈച്ച പൊതിഞ്ഞ ജിമ്മിയുടെ ദേഹമാണ് അവൾ കണ്ടത് .അവൾ ഉറക്കെ കരഞ്ഞു.അച്ഛൻ ജിമ്മിയെ കുഴിച്ചിട്ടു.എങ്കിലും അവളുടെ മനസ്സിൽ ജിമ്മി എന്നും ജീവിച്ചു.വീടിന്റെ പിറകിൽ ജിമ്മിയെ കുഴിച്ചിട്ടസ്ഥലത്ത് അവൾ എന്നും പോയി ഓരോ കഥകൾ പറയുമായിരുന്നു.

വീട്ടിലെ ചെളിയെല്ലാം കളഞ്ഞ്, പുതിയ കസേരയും കട്ടിലുമെല്ലാം വാങ്ങിച്ചിട്ടപ്പോഴേക്കും വീട് പുതുക്കി പണിഞ്ഞതുപോലെയായി.

അവൾ ഓണാവധി കഴിഞ്ഞ് സ്കൂളിൽ പോയി.അവളുടെ കൂട്ടുകാരെല്ലാം  ക്യാംമ്പിലേയും മറ്റു അനുഭവങ്ങൾ പങ്കുവച്ച് സന്തോഷമായി നടന്നപ്പോഴും അവളുടെ മനസ്സിൽ നിന്ന് ജിമ്മിയെന്ന പട്ടിക്കുട്ടി മാഞ്ഞുപോയില്ല.പ്രളയത്തിന്റെ ഇടയിലുണ്ടായ ഓരോ വിഷമത്തിന്റെയും മെഴുകുതിരികൾ ഒന്നൊന്നായി അവളുടെ മനസ്സിൽ നിന്നു അണഞ്ഞു പോയപ്പോഴും ജിമ്മി മരിച്ചതിന്റെ വിഷമത്തിൽ  അവളുടെ മനസ്സിൽ കൊളുത്തിയ മെഴുകുതിരി അണയാതെ ആളിക്കത്തിക്കൊണ്ടിരുന്നു...

## IF...I...FIND



Rana jasmin.A.K

If I find a tailor's son,
He will teach me how to stitch;
He will stitch,I will stitch
We will stitch together.

If I find a painter's son,
He will teach me how to paint;
He will paint together.

## Oats, peas, beans, and barley

Oats,Peas, Beans, and Barley grow,
Oats, Peas,Beans, and Barley grow,
Do you,I,Or any one  know how
Oats,Peas, Beans,and Barley grow?
First the farmer sows  his ease,
He stamps his feet,
And claps his hand,
And turns around to view his land

## Dream World



Suragi .A

*She had a dream*
*Every morning*
*she woke up to her dream*
*Her each step was*
*Making it true.*
*She wanted to take a walk*
*To the magical world of the past*
*To the life of happiness*
*We know who she is,*
*she is nature*

## PAPER BOAT



*Rana jasmin.A.K*

**Day by day I float my paper boats**
**One by one down the running stream.**
**In big black letters I write my name on them**
**And the name of the village where I live.**
**I hope that someone in some strange land**
**Will find them and know who I am**

## Sing, little Birdie



Rana jasmin.A.K



Sing  little  birdie sing
On top most branches high!
And when thou spreadst thyairy wing,
Let not the sweet not die.
But longer,louder be,
Until the echoes ring
That hide away where none may see,
But only hear them sing.
Me thinks that I could stay
Forever with thee here,
And list thy strain the livelong day,
Forgetting sorrow's  tear.

# The little boy lost



Rana jasmin.A.K


**Father ,father,where are you going**
**O do not walk so fast.**
**Speak father,speak to your little  boy**
**Or else I shall be lost,**
**The night was dark no father was there**
**The child was wet with drew.**
**The mire was deep and the child did weep**
**And away the vapour flew**



## Friends



ShehnaSherin K.T



*Friends  are past of my life*
*I   don't know I don't know*
*I  don't know where they*
*come from....*

*They  are most  beautiful*
*Than my life friend's*
*Are light of my life*
*In  my life  journey*

*You are the light*
*you are the right*
*you are the colours of*
*My life....*

*You are the only hope*
*In my life. I  can*
*enjoy  my life with*
*you........*

## White sheep



Rana jasmin.A.K

**White sheep,white sheep,**
**On a blue hill,**
**When the wind stops,**
**you all stand still.**
**When the wind blows,**
**you walk away slow.**
**White sheep, white sheep,**
**where do you go?**

## SEEDS

**A little seed for the to sow**
**A little earth to make it grow**
**A little hole, A little put,**
**A little wish,and that is that,**
**A little sun, a little shower**
**A little while and than a flower!**



# WORK WHILE YOU WORK



*Rana jasmin.A.K*

**Work while you work,**
**Play while you play;**
**One thing each time,**
**That is the way.**

**All that you do,**
**Do with your might;**
**Things done by halves**
**Are not done night.**

# സ്വാഗതപ്പൊടി



നിഖിൽ എം ജേക്കബ്

ഒരു ഗ്രാമത്തിൽ ഒരു മുത്തശ്ശി ഉണ്ടായിരുന്നു. ആ മുത്തശ്ശി ഒറ്റക്കാണ് വീട്ടിൽ താമസിച്ചിരുന്നത്. ആ മുത്തശ്ശി ഒരിക്കൽ ടൗണിൽ സാധനം വാങ്ങാൻ പോയി. മുത്തശ്ശി ഒരു സൂപ്പർ മാർക്കറ്റിൽ ആണ് കേറിയത്. മുത്തശ്ശിക്ക് കാഴ്ച കുറവുണ്ടായിരുന്നു. മുത്തശ്ശി ഒരു കവർ എടുത്തു എന്നിട്ട് കടക്കാരനോട് ചോദിച്ചു ഇതെന്ത് പൊടിയാണ് കടക്കാരൻ പറഞ്ഞു ഇത് സ്വാഗതപൊടിയാണ്. സത്യത്തിൽ അത് മുളകുപൊടിയായിരുന്നു. പാവം മുത്തശ്ശി അത് വാങ്ങി. കുറെ നാൾ മുത്തശ്ശിയുടെ വീട്ടിലേക്ക് ആരും വന്നില്ല. അങ്ങനെ ഒരു നാൾ രണ്ട് കള്ളന്മാർ, മുത്തശ്ശിക്ക് കണ്ണ് കാണില്ല എന്ന് അറിഞ്ഞത് കൊണ്ട് വേഷം മാറി മുത്തിശ്ശിയുടെ വീട്ടിൽ കയറി. മുത്തശ്ശിയോട് പറഞ്ഞു ഞങ്ങൾ വൈദ്യരാണ്. മുത്തശ്ശി പറഞ്ഞു ,ഒരു നിമിഷം ഞാൻ ഇപ്പോൾ വരാമെന്ന് പറഞ്ഞ് മുത്തശ്ശി അടുക്കളയിലേക്ക് കയറിപ്പോയി. എന്നിട്ട് സ്വാഗതപൊടി എടുത്ത് വൈദ്യന്മാരുടെ മുഖത്തേക്ക് വാരി എറിഞ്ഞു. കണ്ണിൽ മുളകുപൊടി പോയ കള്ളന്മാർ അവിടെ നിന്ന് ഓടി രക്ഷപ്പെട്ടു. പോകും വഴി അവർ ഉറക്കെ പറഞ്ഞു മുത്തശ്ശിക്ക് എങ്ങനെ ഞങ്ങൾ കള്ളന്മാരാണ് മനസ്സിലായി. പാവം മുത്തശ്ശി ഒന്നും അറിയാതെ പതിവുപോലെ ജീവിച്ചു പോയി.

# FORTUNE

--------



HAMZA AZEEM

**Oh! ye fortune, not misfortune,**
**Be blessed thou to be my life's tune,**
**Have grace have boon,**
**Have thy bliss to let**
**never me alone.**


**Oh! ye fortune not**
**misfortune,**
**Thou art the light of**
**my smiling morn,**
**Indeed art the colour**
**of hopeful dawn,**
**Be with me and stay with to be my**
**bread and bun.**

സംസ്കൃതം കവിത

# केरलदेशः



पूजादास् के



केरलदेशो मदीयदेशः
मोहनदेशोयम्
पुण्यमनोहर कैरलीधारा
प्रवहत्यामोदम्
स्नेहस्त्यागः धैर्यं धर्मो
दानं कारुण्यम्
केरलदेशे जीवनविजये
एते ह्याधाराः
नव्यो वेषो नव्यो भाषा
नव्यं रूपमपि
अद्यापि सर्वो केरलदेशे
विलसत्येकमनाः

# मानव ऐसा होना है ..... !



Fathima Sabna

पता नहीं क्या करुँ ?
पानी है पानी
किश्ती में ।
लेकिन कैसे ?

आता है एक व्यक्ति ,
पानी में लेटकर कहा
मेरे पीठ पर चढो !
मैं ऐसा किया ।
पता नहीं उसको
पता नहीं उसका नाम और देश,
वो मदद किया मूझको ।

पडोसी से पूछा , कौन है वो ।
वो है इनसान !
पडोसी ने कहा ,
उसको मैं नहीं जानता था
इनसानियत को जानता था !



# അസൂയാലുക്കളായ പൂക്കൾ



ബിബിന രാജ് എം.കെ

ഒരിടത്ത് ധാരാളം മനോഹരമായ പൂക്കളുള്ള ഒരു പൂന്തോട്ടമുണ്ടായിരുന്നു. അവിടേക്ക് പൂന്തേനുണ്ണാൻ ധാരാളം പൂമ്പാറ്റകളും,വണ്ടുകളും വന്നിരുന്നു. ഒരു കർക്കശകാരനായ തോട്ടക്കാരനായിരുന്നു, ആ പൂന്തോട്ടം നോക്കി നടത്തിയിരുന്നത്. ധരാളം ഭംഗിയുള്ള പൂക്കളുണ്ടായിരുന്ന ആ പൂന്തോട്ടത്തിൽ ഒരു ചെടിമാത്രം പൂത്തിരുന്നില്ല. ആ കാരണംകൊണ്ട് തന്നെ തോട്ടകാരൻ അതിനെ പരിചരിക്കാറുമില്ലായിരുന്നു. ആ തോട്ടത്തിലെ എല്ലാ ചെടികളും ആ ചെടിയെ ആവശ്യത്തിലധികം കുറ്റപ്പെടുത്തി. അങ്ങനെയിരിക്കെ ഒരിക്കൽ തോട്ടക്കാരൻ ചെടികൾ നനയ്ക്കുവാനായി പൂന്തോട്ടത്തിലേക്ക് വന്നപ്പോൾ ഒരു കാഴ്ചകണ്ട് നോക്കിനിന്നു . എന്തെന്നാൽ, ഇതുവരെ ആ പൂന്തോട്ടത്തിൽ പൂക്കാത്ത ഒരു ഭംഗിയുള്ള പൂവിനെ അവിടെ കണ്ടു . ഒരിക്കലും പൂക്കില്ല എന്ന് കുറ്റപ്പെടുത്തിയ ആ ചെടിയിലായിരുന്നു, ആ പൂവ് വിരിഞ്ഞത്. ആ മനോഹരമായ പൂവിനെ കണ്ട് പൂന്തോട്ടത്തിലെ മറ്റു ചെടികൾ അസൂയപ്പെട്ടു. അന്നുമുതൽ തോട്ടക്കാരൻ ആ ചെടിയെ കൂടുതൽ പരിചരിച്ചു . അന്നുതൊട്ട് ആ ചെടിയായിരുന്നു ആ പൂന്തോട്ടത്തിലെ താരം.

*ഗുണപാഠം:*

*എല്ലാം തികഞ്ഞവരായി ആരുമില്ല ഈ ലോകത്ത്.*

# അനുരാഗം



മുകുന്ദകൃഷ്ണൻ

ആയിരം കിനാക്കളായ് നിറയുന്നു നീ എന്നിൽ
ആയിരം സ്വപ്നങ്ങളായ് വിരിയുന്നു പൂക്കളായ്
മായാലോകംതേടി അലയുന്നു
ഞാൻ ഇന്നും വിമൂകമായ്

ഒഴുകുന്ന അരുവികളിൽ നിറയുമീ ഓളങ്ങൾ
വിരിയുന്ന പുഷ്പങ്ങൾ പോലെ
ഈ വിടരുന്ന പുഷ്പങ്ങൾ പോലെ
ഒരുനാൾ നീ എന്നിൽ
നിന്നകലുന്ന നേരത്ത്
വിരിയുന്ന പൂവിന്റെ ശംഖപോലെ-(2)

നിറയുന്നു നീ എന്നിലായ് മിഴികളിൽ
ശോകത്തിൻ അശ്രുക്കൾ പാകി
എവിടെ മറഞ്ഞു നീ........,

# എന്റെ വീട്



അഞ്ജന. സി

അടുക്കളയിൽ നിന്നും പാത്രങ്ങൾ വീഴുന്ന ശബ്ദം കേട്ടാണ് അമ്മു ഉണർന്നത്. എണീറ്റ് ജനൽപാളികൾ തുറന്നു. അമ്മു പൂക്കൾ പുഞ്ചിരിച്ചു നിൽക്കുന്നത് നോക്കി നിൽക്കുകയായിരുന്നു. അവൾക്ക് ഏറ്റവും ഇഷ്ടമുള്ള പനിനീർച്ചെടിയിലെ ഒരു പനിനീർ കൊഴിഞ്ഞിരിക്കുന്നു. ദൂരെ മലയോരങ്ങളിലേക്കുനോക്കി നിൽക്കുകയാണവൾ....

അമ്മൂ.. ടീ അമ്മൂ.....

ആ എന്താ അമ്മേ..

എണീക്കാറായില്ലെ.. ഒന്നു വാ..

ആ ദാ വരുണു..

ഒരു ഗ്രാമത്തിലെ പെണ്ണാണ് അമ്മു. അമ്മ അമ്മിണി. അച്ഛൻ ബാലചന്ദ്രൻ എന്നിവരാണ്.ഒരു അനിയനുണ്ട് പിന്നെ അമ്മായി, അമ്മാവൻ, അപ്പ, മുത്തശ്ശിയുമുണ്ട്. മുത്തശ്ശി എന്നു പറഞ്ഞാൽ ജീവനാണ് അമ്മുവിന്. വളരെ സ്നേഹമുള്ള കുടുംബമാണവരുടേത്. അമ്മു ഇപ്പോൾ പ്രീഡിഗ്രിയാണ്. വിദേശത്ത് പഠിക്കുന്നതാണ് നല്ലതെന്ന് അവളുടെ ടീച്ചർ പറഞ്ഞു.നല്ലവണ്ണം പഠിക്കുന്നവളാണ് ഈ അമ്മു. എന്നാൽ അവളുടെ ജീവിതത്തിലേക്ക് കടന്നുവന്ന വിധി ദൂരദേശത്ത് പഠിക്കാൻ തന്നെയാണ്. എങ്ങനെ ഞാൻ ഇവിടം വിട്ടു പോകും. എന്നാലോചിച്ചുകരയുകയാണ് അമ്മു. വീടാകെ മൗനമായി. പൊടുത്തനെ അവൾ ഓരോ കാര്യങ്ങളും സന്തോഷനിമിഷങ്ങളും ആലോചിച്ചു കരഞ്ഞു

മോളേ....ആ എന്താ അച്ഛാ...

അമ്മു കണ്ണനീർ അച്ഛൻ കാണാതെ തുടച്ചു. നിനക്കുനല്ലതു വരാനല്ലേ... നീ ദൂരദേശത്തിക്ക് പോകുന്നത്...

എങ്ങനെയാണച്ഛാ ഞാനിവിടംവിട്ട്......

# ചതിയനായ ചങ്ങാതി



റാനിയ യൂസഫ്

ഒരു കാട്ടിൽ രണ്ട് കൂട്ടുകാർ താമസിച്ചിരുന്നു. കാട്ടിലെ ഏറ്റവും നല്ല കൂട്ടുകാരായിരുന്നു അവർ. കാട്ടിലെ രാജാവുപോലും കൂട്ടുകെട്ട് കണ്ട് അതിശയിച്ചിരുന്നു. കാരണം, ഒരു പെരുച്ചാഴിയും കോഴിയുമായിരുന്നു ആ ചങ്ങാതിമാർ. അവർ ഏതു കാര്യവും പങ്കുവയ്ക്കും. അങ്ങനെയിരിക്കെ ഒരിക്കൽ രാജാവ് അവരെ ഒന്നു പരീക്ഷിക്കാൻ തീരുമാനിച്ചു. എന്നിട്ട് രാജാവ് അവരെ വിളിച്ചിട്ട് പറഞ്ഞു . ഞാനൊരു സ്ഥലത്ത് നിങ്ങൾക്ക് ഓരോരുത്തർക്കും ഇഷ്ടമുള്ള ആഹാരങ്ങൾ കൊണ്ടുവയ്ക്കും. .നിങ്ങൾ അതു കണ്ടെത്തിയതിനു ശേഷം അതു പങ്കുവയ്ക്കുന്നുണ്ടെങ്കിൽ അത് യഥാർത്ഥ സുഹൃത്തുക്കളായിരുന്നെന്ന് മനസ്സിലാക്കാനാണ്. അങ്ങനെ ആ പന്തയം ആരംഭിച്ചു. കുറെ നേരങ്ങൾക്കുശേഷം അവർ ലക്ഷ്യ സ്ഥാനത്തെത്തി. അപ്പോൾ അടുത്തടുത്തായിരുന്നു ആ ഭക്ഷണങ്ങൾ. അവർ അങ്ങോട്ടും ഇങ്ങോട്ടും നോക്കി കുറെ നേരം ആലോചിച്ചു. എന്നിട്ടും അവർക്ക് ഒരു ഉത്തരത്തിൽ എത്താൻ കഴിഞ്ഞില്ല. പിന്നെ കോഴിവിചാരിച്ചു ഞാനെന്റെ ഭക്ഷണം പകുതി അവനു കൊടുക്കാം എന്ന്. പക്ഷെ ആ ഭക്ഷണം കണ്ട് പെരുച്ചാഴി വല്ലാതെ മോഹിച്ചിരുന്നു. അതു കൊണ്ട് അവൻ അതു വേഗം തിന്നുതീർത്തു. അപ്പോൾ രാജാവിനു മനസ്സിലായി ഇവർ നല്ല ചങ്ങാതിമാരല്ലെന്ന്.

''ചങ്ങാതിമാരെ കണ്ണടച്ച് വിശ്വസിക്കരുത്

# വിശപ്പ്



ഭദ്ര.കെ.ടി

പണക്കാരനായ രാമുവിന്റെ മകളായിരുന്നു മല്ലിക,അഹങ്കാരവും വാശിയും ജന്മനാ അവൾക്ക് ഉള്ളതാണ്. ഈ വലിയ വീടിന്റെ വാതിൽക്കൽ വന്ന് നിൽക്കുന്ന അച്ചുവിനെ അവൾക്ക് എന്നും ദേഷ്യമാണ് ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടിയാണ് അവൻ വാതിൽക്കൽ വന്നു നിൽക്കുന്നത്.ദാരിദ്ര്യത്തിന്റെ വില അറിയുന്ന അവനെ എന്നും മല്ലിക ആക്ഷേപിച്ചിരുന്നു.

ഒരു ദിവസം അവൾ വലിച്ചെറിഞ്ഞ ഭക്ഷണപൊതി അവൻ എടുത്ത് കഴിക്കുന്നത് കണ്ട് ലജ്ജയും വെറുപ്പും തോന്നിയ അവൾ''കള്ളൻ....കള്ളൻ''എന്ന് വിളിച്ച് നാട്ടുകാരെ അറിയിച്ച് അവനെ തല്ലാൻ ഒരുങ്ങി.അച്ചു പറഞ്ഞു''നിങ്ങൾ വലിച്ചെറിഞ്ഞു കളഞ്ഞതല്ലേ ഞാൻ എടുത്ത് കഴിക്കുന്നത്''.അത് കേട്ട മല്ലികക്ക് സഹതാപം തോന്നി. അവൾ അവനേയും കൂട്ടി വീട്ടിനുള്ളിൽ കയറി ഭക്ഷണം നൽകി.

വിശപ്പുള്ളവനെ വിശപ്പിന്റെ വിലയറിയൂ..

# വേദന



ഇസ . സിദ്ധീഖ്

ഒരു പാവം കുട്ടിയായിരുന്നു ഉണ്ണി.അവനെ ആർക്കും ഇഷ്ടമുണ്ടായിരുന്നില്ല.അവൻ ജനിക്കും മുമ്പേ അവന്റെ അച്ഛൻ മരിച്ചുപോയിരുന്നു.പിന്നെ അവന് അമ്മമാത്രമേ ഉണ്ടായിരുന്നുള്ളു

അമ്മയ്ക്കാണെങ്കിൽ അവനെ ഒട്ടും കണ്ടുകൂട.തീരെ ഇഷ്ടവുമില്ല. അവന് ആവശ്യമുള്ള സാധനങ്ങളെല്ലാം അവന്റെ ക്ലാസിലെ വിഷ്ണു എന്ന കുട്ടിയാണ് കൊടുക്കാറ്.വിഷ്ണു വളരെ പണമുള്ള കുടുംബത്തിലാണ് കഴിയുന്നത്.ഉണ്ണിയോട് സ്നേഹമുള്ളത് അവന്

മാത്രമായിരുന്നു.

ഒരു ദിവസം ഉണ്ണി സ്കൂളിലേക്ക് നടന്നുപോകുമ്പോൾ രണ്ടു കുട്ടികൾ കാറിൽ പോകുന്നത് കണ്ടു.അവർ അവനെ പരിഹസിച്ചു.അത് അവനെ വല്ലാതെ വേദനിപ്പിച്ചു.അങ്ങനെ അവൻ നടന്ന് നടന്ന് സ്കൂളിലെത്തി.അവിടെ എത്തിയ ഉടനെ കുട്ടികൾ അവന്റെ അടുക്കൽ നിന്ന് ഓടിപ്പോയി.അവൻ മനസ്സിൽ പറഞ്ഞു"എന്തുകൊണ്ടായിരിക്കും ആർക്കും എന്നെ ഇഷ്ടമില്ലാത്തത്.എന്റെ ഈ കറുത്തനിറമോ ഞാൻ കുളിക്കാത്തതുകൊണ്ടോ " അങ്ങനെ അവൻ ക്ലാസിലേക്ക് നടന്നു.വിഷ്ണു അവനെ കണ്ടതും ചോദിച്ചു"എന്താ നിന്റെ മുഖത്തൊരു വിഷമം?"ഉണ്ണിക്ക് അതിനുള്ള ഉത്തരം പറയണമെന്നുണ്ടായിരുന്നു.പക്ഷേ,തന്റെ കൂട്ടുകാരൻ

ആ കാരണത്താൽ വിഷമിക്കുന്നത് കാണാൻ ഇഷ്ടമില്ലായിരുന്നു.

സ്കൂളിൽ ബെല്ലടിച്ചു.ക്ലാസിൽ ടീച്ചർ വന്നു.മറ്റു കുട്ടികൾ ടീച്ചറോട് ഒരു പരാതി പറഞ്ഞു'.'ടീച്ചറേ,ഈ വൃത്തികെട്ട ഉണ്ണിയുടെ മണം ഞങ്ങൾക്ക് സഹിക്കാനെ പറ്റുന്നില്ല''.ഉടനെ ടീച്ചർ അവന്റെ അടുത്തേക്ക് നടന്നു.ടീച്ചറും മുഖം ചുളിച്ച്

പറഞ്ഞു''അയ്യോ എന്തൊരു നാറ്റം.ഉണ്ണി നിനക്ക് ഒരു ദിവസമെങ്കിലും കുളിച്ചൂടെ? എടാ വൃത്തികെ ട്ടവനെ ഇനി നിന്റെ സ്ഥലം ആ ഒഴിഞ്ഞുകിടക്കുന്ന ബെഞ്ചിലാണ്.അവിടെ ചെന്നിരുന്നോളൂ''.

വിഷ്ണു ചാടിക്കേറി പറഞ്ഞു''ടീച്ചറേ,അവന്റെ കൂടേ ഞാനും ഇരുന്നോട്ടേ?''.കുറച്ചുനേരം അലോചിച്ചതിനു ശേഷം ടീച്ചർ പറഞ്ഞു

''എടാ വിഷ്ണുമോനേ,ഇത്രയും വൃത്തിയുള്ള നിനക്ക് എങ്ങനെയാ തോന്നുന്നേ ആ വൃത്തിക്കെട്ടവന്റെ കൂടെയിരിക്കാൻ''.

വിഷ്ണു പറഞ്ഞു :ടീച്ചറേ അവന് ആരുമില്ല ഞാൻ മാത്രമേയുള്ളൂ. നിങ്ങളെല്ലാം അവനെ പരിഹസിക്കുമ്പോൾ അവനെത്ര വിഷമമുണ്ടാകും.

വിഷ്ണുവിന്റെ മറുപടി കേട്ട് ടീച്ചർക്ക് ഒന്നും തോന്നിയില്ല . ഉടനെ ടീച്ചർ പറഞ്ഞു. നിന്റെ ഈ കള്ളക്കഥ കേട്ട നിന്നാൽ ഇന്ന് എന്റെ ക്ലാസ് മുടങ്ങും . നീ തൽക്കാരം ഇവിടത്തന്നെ ഇരുന്നാൽ മതി. പിന്നെ നീയെന്താ പറഞ്ഞേ, , ഇങ്ങനെ അവനെ പരിഹസിക്കുമ്പോൾ അവൻ ശപിക്കുകയായിരുക്കും ചെയ്യുക.

ടീച്ചറിന്റെ ഈ വർത്തമാനം കേട്ട് ഉണ്ണിക്ക് വിഷമം തോന്നി. ഉണ്ണി സങ്കടത്തോടെ പറഞ്ഞു. നിങ്ങൾ അതിന്റെ പേരിൽ തർക്കിക്കേണ്ട ഞാൻ ഇവിടെ ഇരുന്നോളാം.


വിഷ്ണു ടീച്ചർ പറഞ്ഞത് . ശരി തന്നെയാണ് ഞാനൊരു വൃത്തികെട്ടവനാണ് . നീയിനി എന്റെ കൂടേ ഇരിക്കേണ്ട.ഇതു കേട്ട വിഷ്ണു ആകെ വിഷമിച്ചു. പിന്നെയവൻ ഒന്നും മിണ്ടാൻ പോയില്ല. ടീച്ചർ പറഞ്ഞു . കുട്ടികളേ ഇപ്പോൾ നിങ്ങളുടെ പരാതി മാറിക്കിട്ടിയില്ലേ?

കുട്ടികൾ പറഞ്ഞു . ടീച്ചറേ നന്ദിയുണ്ട് . ഞങ്ങൾക്ക് ഇപ്പോൾ പരമസുഖം .......

# THE GREAT ARTIST



Indu das



**Oh this magnificent earth**
**the great work of the artist!**
**Birds,animals,human beings,**
all bright and beautiful!
Great and small!
I often wonder it him
**who painted this picture**
**who makes me happy**
**and dispels my fears**

MUHAMMED SAHAL



# الحيوانات

## الشعر


عندنا ديك صغير    أسود اللون جميل
ديكنا ديك أليف    يحب الحب دواما
عندنا ثور كبير    أسود اللون جميل
ثورنا ثور نشيط    يحرث الأرض نهارا
عندنا شاة صغير    أبيض اللون جميلة
شاتنا أليفة وحبيبة    تأكل الأوراق دوما
عندنا هر صغير    أبيض الون رائع
هرنا هر مطيع    يأكل السمك سرا
عندنا ببغاء جميل    أخضر اللون جذاب
. ببغاءنا أليف    يكلمنا ويقلدنا جيدا





ഫിദ യാസ്മീൻ

# البيانات الشخصية لأبي الكلام آزاد





الإسم الكامل : محي الدين أحمد بن خير الدين

اسم الوالد : خير الدين

اسم الوالدة : عطية

اللقب : أبو الكلام آزاد

مكان الولادة : مكة

عام الولادة : 1888م

المنصب : أول وزير التعليم في الهند بعد الإستقلال

المؤلفات : ترجمان القرآن

عام الوفاة : 1958م

مكان الوفاة : دلهي

# مهرجان الفن الأدبي العربي

آسية دارسة ممتازة، هي في الصف السادس. لها أخ، اسمه جاسم هو خطيب مصقع نال الدرجة الأولى في المسابقة الخطبة في مهرجان الفن الادبي العربي. يوما قال جاسم في طابور الصباح. اليوم أنا ذاهب إلى كالكوت للمشاركة في المسابقة على مستوى المقاطعة. فقال ناظر المدرسة: نحن نفخر بك يا جاسم.

**" اقرأ باسم ربك الذي خلق ،خلق الإنسان من علق، اقرأ وربك الأكرم ، الذي علم بالقلم ، علم الإنسان مالا يعلم،"**

( سورة العلق)

**“Read in the name of your lord, who has created (all that exists) Has created man from a clot ( a piece of thick coagulated blood , Read And your lord is the most generous ,Who has taught ( the writing) by the pen, Has taught man that which he knew not”**

**FATHIMA HUSNA .E**





# فن الخط العربي
# ARABIC CALLIGRAPHY

**JAFNA**



# പുൽനാമ്പിനോട്



HASNA
SHEMIN

**ഇളം മഞ്ഞുപാളികൾ കീറിമുറിച്ചൊരു**
**സൂര്യനാളം ഇന്നെൽ മുന്നിലൊദിച്ചു**
**അഴകേറും പച്ചപ്പട്ട് ചുറ്റി പുൽ-**
**നാമ്പിതളുകൾ എന്നെ നോക്കിച്ചിരിച്ചു**

തീരാതണുപ്പിലും കുഞ്ഞിളം പൂമ്പാറ്റ
പാറിത്തുടങ്ങീ തേൻ നുകർന്നുല്ലസിച്ചു
മാധുര്യം നുണയുമീ മലയാള നാട്ടിൽ
പ്രളയ ജലം ഒരു നാളൊഴുകിയെത്തീ
ആരും ഓർത്തതേയില്ല തൻ ദാഹം

**കാടുകൾ വെട്ടിത്തെളിച്ചൊരു കൂറ്റൻമാളിക**
**പണിയുന്നു ഫാക്ടറി പണിയുന്നു**
**ഈ കാഴ്ചകൾ കാണുവാനാണോ ഇന്നു**
**മുളച്ചതെൻ പുൽതളിർ ചെടി**

തണുപ്പിലും ചൂടിലും മഴയിലും
അറ്റുപോകാത്ത മാലയുണ്ട്, മനുഷ്യ-
ന്റെ സ്നേഹവും വിശ്വാസവും
തല്ലിക്കെടുക്കുന്നതെന്നും അക്രമാ-
സക്തമാം മനുഷ്യൻതൻ അഹങ്കാരം

**തളിരിളം പുല്ലിനെ ദർശിക്കു ഒരു പുലരിയിൽ**
**തീരാ ദു ഖങ്ങളും അഗാധശാഠ്യങ്ങളും**
**ഒലിപ്പതു മഴത്തുള്ളിപോൽ നിൻ ജനലഴികളിൽ**
**തണുപ്പിലും ചൂടിലും മഴയിലുമെല്ലാം ചുറ്റും**
**നിലകൊണ്ട ഭൂമിയെ നോക്കു ചിന്തിക്കു നീ**
**എന്തു ചെയ്തു ഈ ഭൂമിതൻ ദാഹം മാറ്റുവാൻ നീ**



# കീരിയും കുഞ്ഞുങ്ങളും

ആഷിക്ക് അലി .ടി

ഒരു കീരിയും അതിന്റെ കുഞ്ഞുങ്ങളും വയലിന്റെ സമീപത്താണ് താമസിച്ചിരുന്നത്.വയലിൽ നെല്ലുവിളയുന്ന കാലമായപ്പോൾ തള്ളക്കീരി അതിന്റെ കുഞ്ഞുങ്ങളോട് പറഞ്ഞു:''മക്കളേ, കൊയ്ത്തിനു സമയമായി. ഇനി മനുഷ്യരുടെ ഉപദ്രവം ഏതു സമയവും ഉണ്ടാകും. അതിനാൽ നിങ്ങൾ എപ്പോഴും കരുതിയിരിക്കണം.”

ഒരു ദിവസം വൈകുന്നേരം തള്ളക്കീരിയോട് തന്റെ കുഞ്ഞുങ്ങൾ പറഞ്ഞു: ''അമ്മേ, ഇന്ന് വയലിന്റെ ഉടമസ്ഥനും അയാളുടെ ഭാര്യയും കൂടി വന്നിരുന്നു. നെല്ല് നാളെ കൊയ്യുന്നുണ്ടെന്നും അതിനായി അയൽക്കാരോട് പറയണമെന്നും തീരുമാനിച്ചാണ് അവർ പോയത്.''

''അത്രയല്ലേയുള്ളു ഭയപ്പെടാനില്ല,''കുഞ്ഞുങ്ങളോട് തള്ളക്കീരിപറഞ്ഞു.

പിറ്റേദിവസവും ആഹാരവുമായി തിരിച്ചെത്തിയ കീരിയോട് കുഞ്ഞുങ്ങൾ പറഞ്ഞു:

''ഭയപ്പെടാനില്ല.''

മൂന്നാം ദിവിസവും വൈകുന്നേരം ഇരതേടി പോയി വന്ന കീരിയോട് കുഞ്ഞുങ്ങൾ പറഞ്ഞു:''അമ്മേ ഇന്നും കൃഷിക്കാരനും ഭാര്യയും വന്നിരുന്നു.നെല്ല പഴുത്തു പോകുന്നു. അയൽക്കാരേയും ബന്ധുക്കളേയും കിട്ടാഞ്ഞതിനാൽ നാളെ അവർ തന്നെ കൊയ്യാൻ വരുന്നെന്നും പറഞ്ഞാണ് പോയത്.''

അപ്പോൾ തള്ളക്കീരി പറഞ്ഞു:''മക്കളേ, ഇന്നുതന്നെ നമുക്ക് ഇവിടെനിന്നും മാറണം. കാരണം അവരുടെ കാര്യം അവർ തന്നെ നോക്കാൻ തീരുമാനിച്ചിരിക്കുകയല്ലേ. നാളെ എന്തായാലും അവർ കൊയ്യാൻ വരും.''

കീരിയും മക്കളും അധികം വൈകാതെ തന്നെ വേറെ താമസസ്ഥലം അന്വേഷിച്ച് പുറപ്പെട്ടു.

അവരവരുടെ കാര്യം എപ്പോഴും അവരവർ തന്നെ നോക്കണം. അതിനായി മറ്റുള്ളവരെ ആശ്രയിച്ചിട്ടു കാര്യമില്ല.

## ഉറുദു കവിത

# پانی

پانی خدا کی ایک نعمت ہے
پانی خدا کی ایک برکت ہے
پانی نہیں ہوتا تو انسان کو تکلیف ہوتا ہے
پانی نہیں ہوتا تو جانورزندہ نہیں رہ سکتے ہیں
پانی نہیں ہوتا تو کھیت سوکھا ہوتا ہے
پانی نہیں ہوتا تو تالاب سوکھا ہوتا ہے
پانی نہیں ہوتا تو ندی سوکھے رہتے ہے
پانی نہیں ہوتا تو سارے مر جاتے ہیں
پانی سے  کھیت ہرے بھرے رہتے ہیں
پانی سے تالاب بہی بھرے رہتے ہیں
پانی سے ندی بھی بھرے رہتے ہیں
پانی نہیں ہوتا تو ہم بھی نہیں ہوتا ہے



SUHAIL KHAN

# കുരുടന്മാർ കണ്ട ആന



ബിൻസിയ

പണ്ട് അഞ്ചു കുരുടന്മാർകൂടി ആനയെ കാണാൻ പുറപ്പെട്ടു. അത്രയും കാലം അവർ ആനയെക്കുറിച്ച് കേട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. നടന്നുനടന്ന് അവർ ഒരു ആനയുടെ അടുത്തെത്തി.

ഒന്നാമൻ ആനയുടെ കാലിന്റെ അടുത്താണ് ചെന്നത്. അവൻ കാലു മുഴുവൻ തപ്പിനോക്കി. രണ്ടാമൻ വാലും, മൂന്നാമൻ ചെവിയും നാലാമൻ കൊമ്പും അഞ്ചാമൻ തുമ്പിക്കൈയുമാണ് തപ്പിനോക്കിയത്. കൊതിതീരുവോളം സ്പർശിച്ച് തൃപ്തിയടഞ്ഞ അവർ ഒരു വിചിത്രജീവിയെക്കണ്ട സന്തോഷത്തോടെ മടക്കയാത്ര ആരംഭിച്ചു.
വഴിക്കുവച്ച് ഒന്നാമൻ പറഞ്ഞു:
“ശ്ശോ... ആന ഇങ്ങനെയാണെന്നു ഞാൻ കരുതിയില്ല, ശരിക്കും ഒരു തൂണ തന്നെ!”
അതുകേട്ട രണ്ടാമൻ ചിരിച്ചുകൊണ്ടു പറഞ്ഞു: “കഷ്ടം ! ഇതാണോ തന്റെ ആനയെക്കാണൽ ? എന്നാൽ കേട്ടോ, ആന വെറും ചൂലുപോലെയാണിരിക്കുന്നത് !”
എന്നാൽ അതു കേട്ട മൂന്നാമൻ:
“രണ്ടു പേർക്കും തെറ്റി. ആന ശരിക്കും ഒരു മുറം പോലെയാണ് !”
അപ്പോൾ നാലാമൻ:
“മൂന്നുപേരും പറഞ്ഞത് ശുദ്ധ അസംബന്ധം. ആന ശരിക്കും ഒരു കുന്തം പെലെയാണ്.”
നാലു പേരുടെയും അഭിപ്രായങ്ങൾ കേട്ട അഞ്ചാമൻ ഊറിയൂറി ചിരിച്ചുകൊണ്ട് പറഞ്ഞു:

"ആനേടെ കാര്യമാണോ നിങ്ങളീപ്പറഞ്ഞതൊക്കെ?എന്നാൽ നാലുപേരും ആനയെ ശരിക്കും കണ്ടില്ലെന്നതാണ സത്യം. ഏതായാലും കേട്ടോളൂ, ആന ഒരു ഉലക്കപോലെയാണ്! "
അഞ്ചു പേരും അവരുടെ വാദങ്ങളിൽ ഉറച്ചുനിന്നു. ഒടവിൽ തർക്കമായി. തർക്കം മൂത്തു വഴക്കായി. വഴക്കു മൂത്തു കൈയാങ്കളിവരെയെത്തി. അപ്പോൾ അതുവഴി വന്ന ഒരു വഴിപോക്കൻ അവരുടെ പ്രശ്നത്തിലിടപ്പെട്ടു. ആനയുടെ രൂപത്തെക്കുറിച്ച് ഓരോരത്തരും പറഞ്ഞതു കേട്ട ശേഷം വഴിപോക്കൻ അവരോടായി പറഞ്ഞു:
"സുഹൃത്തുക്കളെ, തർക്കം വേണ്ട. നിങ്ങൾ അഞ്ചു പേരും പറഞ്ഞത് ശരിയാ. പക്ഷേ നിങ്ങളിൽ ആദ്യത്തെ ആൾ ആനയുടെ കാലും രണ്ടാമൻ വാലും മൂന്നാമൻ ചെവിയും നാലാമൻ കൊമ്പും അഞ്ചാമൻ ആനയുടെ തുമ്പിക്കൈയും മാത്രമാണ് സ്പർശിച്ചു മനസിലാക്കിയത്. നിങ്ങൾ മനസിലാക്കിയ ഈ ഭാഗങ്ങളും അതിനു പുറമേ ഉടലും തലയും കൂടി ചേർന്നതാണ് ആന. "
കുരുടന്മാർക്ക് കാര്യം മനസ്സിലായി. അവർ വഴി പോക്കനോട് നന്ദി പറഞ്ഞു.
കൂട്ടുകാരേ, നാം വ്യക്തമായി മനസിലാക്കാതെ പറയുന്ന കാര്യങ്ങളെല്ലാം കുരുടന്മാർ ആനയെ കണ്ടതു പോലെയാണ്.

# മഴ അനുഭവം



ഫാത്തിമ ഹന്ന.എൻ

ഒരു ദിവസം മഴ പെയ്യുകയായിരുന്നു.എനിക്ക് മഴയത്ത് കളിക്കുന്നത് വളരെ ഇഷ്ടമായിരുന്നു.പക്ഷെ എന്റെ നിർഭാഗ്യം എന്ന് പറയാം ഉമ്മ ഉമ്മറത്ത് തന്നെ നിൽക്കുകയായിരുന്നു . കുറച്ച് സമയം കഴിഞ്ഞപ്പോ മഴ ശക്തമായി.ആ സമയം ഉമ്മ അകത്തേക്ക് പോയി.ഞാൻ വേഗം മഴയത്തേക്ക് ചാടി.

എന്റെ മനസ്സ് സന്തോഷം കൊണ്ട് നിറഞ്ഞു.എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല.ജീവിതത്തിലാദ്യമായിരുന്നു ഞാൻ മഴ കൊള്ളുന്നത്.എപ്പോഴും മഴ പെയ്യുന്ന സമയത്ത് എന്റെ ഉമ്മ എന്നെ കുടയുടെ താഴെയാക്കും.എന്നാലും പുറത്ത് പോവാൻ ഞാൻ ശ്രമിക്കും.ഓരോ തുള്ളിയും മുഖത്ത് വീഴുമ്പോൾ മുമ്പ് ഒന്നുമില്ലാത്ത സന്തോഷം എന്റെ മനസ്സിൽ നിറഞ്ഞു.അപ്പോഴേക്കും ഉമ്മ വന്നു എന്റെ ഈ കളി കണ്ട് എന്നെ പനി വരുമെന്ന് പറഞ്ഞ് വഴക്ക് പറഞ്ഞു.എന്നാൽ

ഞാനത് കാര്യമാക്കിയില്ല ഞാൻ കളി തുടർന്നു.കുറച്ച് സമയം കഴിഞ്ഞപ്പോൾ മഴ തീർന്നു ഞാനകത്തേക്ക്പ്രവേശിച്ചു.ഞാൻ ആ ദിവസം സന്തോഷത്താൽ തള്ളി നീക്കി.പിറ്റേന്ന് മൂടിപുതച്ച കിടക്കുന്നിടയിൽ അമ്മ പറഞ്ഞ കാര്യം ഞാനോർത്തു "മഴ കൊണ്ടാൽ പനി വരുമെന്ന് “.ഇത് എന്റെ ജീവിതത്തിൽ മറക്കാൻ പറ്റാത്ത ഒരു അനുഭവമാണ്.

# ഇന്നും പെണ്ണും..



ഹാഷിമിയ്യ.വി

"മാതാ പിതാ ഗുരു ദൈവം"
കാലമേറെയായ് മുഴങ്ങുന്നൊരെൻ
അമ്മഭൂമിതൻ സംസ്കാരവാക്യം...

'മാതാ' വെന്നൊരു വാക്കിന് എന്തിനാണീ
പ്രഥമസ്ഥാനം?' അർധനാരീശ്വര'
സങ്കൽപത്തിനുടമ എൻ പൈതൃകമത്രെ!

നോവുന്നവേദനയിൽ ജന്മം കൊണ്ട
മനുഷ്യവർഗത്തിന്നധിപരായ് വാഴുന്നവരുടെ
കാൽച്ചുവട്ടിലൊതുങ്ങുകയാണോ നോവും
കഴിഞ്ഞിരുന്നില്ലൊട്ടുമേ ഈ പടിവിട്ടൊ-
ന്നിറങ്ങുവാൻ,ഉദിച്ചുയരുന്നാപൊൻകിരണമൊന്നുകാണാൻ

'വേണ്ട-ഞങ്ങൾക്കീമാല്യവും,അടിമതൻ
മുദ്രകുത്തുന്നൊരീ ഭാരവും' എന്ന
സ്വാതന്ത്ര്യമുഴക്കിനു കാതോർത്തീരി വംശ-
ത്തിൻ പിന്മുറക്കാരീ കേരളസ്ത്രീത്വം..

കണ്ടിടേണം,ഞങ്ങൾക്കുദയസൂര്യനെ
കണ്ടിടേണം രാവിൻ നിലാവിനെ
അറിയണം ഞങ്ങൾക്കും വിദ്യതൻവെളിച്ചം..

പക്ഷെ........
'കയറരുതാ പടി ചവിട്ടരുത്.....'

മറയുന്നു എൻ മനസ്സിലെ ധീര
വനിതകൾ,അവരുടെ കാതു പിളർക്കുന്ന
വീര വാക്യങ്ങൾ....

ഞങ്ങൾ നിങ്ങളുടെ
പിന്നുറക്കാർ,തരിച്ചുനിൽക്കുന്ന ഈ നിമിഷം
നിങ്ങൾ പൊട്ടിച്ചെറിഞ്ഞോ ചങ്ങലകൾ
വീണ്ടും ഞങ്ങളെ ബന്ധിക്കുന്നുവോ?

തൊട്ടുകൂടാത്തവരല്ല ഞങ്ങൾ,തീണ്ടിക്കൂടാത്ത-
വരല്ല ഞങ്ങൾ,
ഞങ്ങൾ -ക്ഷമയെ പുൽകുന്നോർ,
സ്നേഹത്തെ ആയുധമാക്കുന്നോർ
ശാന്തിയെന്ന പടച്ചട്ടയണിയുന്നോർ...

ഞങ്ങൾ പിഞ്ചുമനസ്സിനെ വാനോളം-
പാകപ്പെടുത്തുന്നോർ
ഞങ്ങൾ-പെൺജന്മം
മറക്കാതിരിക്കുക...തടയാതിരിക്കുക...

ഞങ്ങൾ-പെൺജന്മം
മറക്കാതിരിക്കുക...തടയാതിരിക്കുക...

# തത്തയുടെ കഥ



ഷിഫ്ന.പി


ഞാനും എന്റെ അമ്മയും അച്ഛനും കൂടി ഒരു കൊന്നത്തെങ്ങിന്റെ മാളത്തിലായിരുന്നു താമസം.

ഒരു ദിവസം എന്റെ അച്ഛനും അമ്മയും ഭക്ഷണം തേടി പുറത്ത് പോയ സമയത്ത് ഒരു തെങ്ങുകാരൻ എന്നെ പിടിച്ച് ഒരു കുട്ടിക്ക് കൊടുത്തു. ആ കുട്ടി എന്നെ ഒരു ഇരുമ്പുകൂട്ടിലാക്കി.അവൻ എനിക്ക് പാലും പഴവും തന്നു. അവന്റെ ആഗ്രഹം എന്നെ ഒരു മനുഷ്യനെപ്പോലെ സംസാരിപ്പിക്കാനായിരുന്നു.എന്റെ അച്ഛനും അമ്മയും ഇടക്കിടയ്ക്ക് എനിക്ക് ഭക്ഷണം കൊണ്ടുവന്ന് കമ്പിയുടെ ഇടയിലൂടെ തന്നു.ഒരു ദിവസം എന്റെ കരച്ചിൽ കേട്ട് അവന്റെ അമ്മ എന്നെ തുറന്ന് വിട്ടു.അവൻ സ്കൂളിൽ നിന്ന് വന്ന് എന്നെ കാണാതെവന്നപ്പോൾ അവൻ കരച്ചിലായി.അപ്പോൾ അവന്റെ അമ്മ അവനോട് എന്റെ അമ്മയും അച്ഛനും എന്നെ കൂട് കുത്തിത്തുറന്ന് കൊണ്ടുപോയെന്ന് പറഞ്ഞു.ഞാനില്ലാതെ ആ ഇരുമ്പുകൂട് വീടിന്റെ ഉമ്മറത്ത് കിടന്നാടി.

# കുട്ടിക്കാലം കുസൃതിക്കാലം



അഹല്യബാലകൃഷ്ണൻ.പി



ഞാൻ ചെറിയ കുഞ്ഞായിരുന്നപ്പോൾ

ഞങ്ങൾ കുട്ടികളെല്ലാവരും

ഒളിച്ചുകളിക്കുകയായിരുന്നു.അപ്പോൾ ഞാൻ
ഒരു കട്ടിലിനടിയിൽ ഒളിച്ചിരുന്നു.. അറിയാതെ ഉറങ്ങിപ്പോയി.
എല്ലാവരും എന്നെ തിരഞ്ഞു....കണ്ടില്ല.

അവസാനം ഞാൻ കട്ടിനടിയിൽ ഉറങ്ങുന്നത് കണ്ടുപിടിച്ചു.

ഇതും പറഞ്ഞ് എന്നെ അമ്മ ഇപ്പോഴും  കളിയാക്കാറുണ്ട്.

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ






# നന്ദി

കടുങ്ങപുരം വിദ്യാലയചരിത്രത്തിലെ
ആദ്യസംരംഭമായ "ലോഗോണി"ന്റെ നിർമ്മാണത്തിന്,
താങ്ങും തണലുമേകിയ
പ്രിയപ്പെട്ട പ്രധാനാധ്യാപിക ലത ടീച്ചറിന്..........
ആത്മാർത്ഥമായ പിന്തുണ നൽകിയ
ഞങ്ങളുടെ അധ്യാപകർക്ക്..........
സർഗ്ഗാത്മക സൃഷ്ടികൾ സമ്മാനിച്ച
കുട്ടികവികൾക്ക്......
കഥാകാരന്മാർക്ക്........
ലേഖകൻമാർക്ക്.........
മാർഗനിർദേശം നൽകിയ അഹമ്മദ് കുട്ടി മാഷിന്.........
ചിത്രരചനക്ക് മിഴിവേകാൻ കുട്ടികളെ സഹായിച്ച അർഷിദ ടീച്ചർക്ക്..
മുഴുവൻ സമയപ്രവർത്തനത്തിനായി,
ലാബ് സൗകര്യം ഒരുക്കി തന്ന
അധികാരികൾക്ക്........
കൂടെ നിന്നവരോട്,........
ഒരിക്കൽക്കൂടി........
പറഞ്ഞറിയിക്കാനാവാത്ത,
വാക്കുകൾക്കതീതമായ
നന്ദി......

ടീം ലിറ്റിൽകൈറ്റ്സ്